# കരട്

**2009 ലെ ആക്റ്റ്**

# 2009 ലെ കേരള സംസ്ഥാന സാംസ്കാരിക ക്ഷേമനിധി ആക്റ്റ്

2009 ലെ കേരള സംസ്ഥാന സാംസ്കാരിക ക്ഷേമനിധി ആക്ടിന്റെ പരിധിയിൽ വരുന്ന വ്യക്തികൾക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്കു പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനായി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ആക്റ്റ്

## പീഠിക

സിനിമ, ടി.വി, കേബിൾ, ഡി.റ്റി.എച്ച് ശൃംഖല, നാടകം, സംഗീതം, സാഹിത്യം, ചിത്രകല, ശില്പകല, ക്ലാസിക്കൽ കലകൾ, സെമിക്ലാസിക്കൽ കലകൾ, നാടൻ കലകൾ (ഫോക്ക് ലോർ), പാരമ്പര്യകലകൾ, ക്ഷേത്രകലകൾ, വാദ്യതാളമേളം, മാജിക് , കാർട്ടൂൺ, കഥാപ്രസംഗം, ഇതിൽ പേരെടുത്തു പറയാത്ത മറ്റുകലകൾ, സാംസാകാരിക രംഗം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്നവരുടെ ക്ഷേമത്തിനും ജീവിത സുരക്ഷയ്ക്കും കലാപ്രോത്സാഹനത്തിനും ഉതകുന്ന പദ്ധതികൾ ഏർപ്പെടുത്തേണ്ടത് യുക്തമായിരിക്കുകയാൽ

2009 ലെ കേരള സംസ്ഥാന സാംസ്കാരിക ക്ഷേമനിധിയുടെ പരിധിയിൽ വരുന്ന വ്യക്തികൾക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അമ്പത്തിയെട്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു.

(i) ഈ ആക്റ്റിന് 2009 ലെ കേരള സംസ്ഥാന സാംസ്കാരിക ക്ഷേമനിധി ആക്റ്റ് എന്ന പേര് പറയാം.

(ii) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനം മൂലം നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

## 2. നിർവ്വചനങ്ങൾ

ഈ ആക്റ്റിന്റെ സന്ദർഭം മറ്റു വിധത്തിൽആവശ്യപ്പെടാത്ത പക്ഷം

(എ) ബോർഡ് എന്നാൽ 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള സംസ്ഥാന സാംസ്കാരിക ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു.

(ബി) സെക്രട്ടറി എന്നാൽ 12-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട സെക്രട്ടറി എന്നർത്ഥമാകുന്നു.

(സി) അംശാദായം എന്നാൽ 10 -ാം വകുപ്പ് പ്രകാരം നിധിയിലേക്ക്നൽകേണ്ട തുക എന്നർത്ഥമാകുന്നു.

(ഡി) വർഷം എന്നാൽ ഏപ്രിൽ ഒന്നു മുതൽ തുടങ്ങുന്ന സാമ്പത്തികവർഷം എന്നർത്ഥമാകുന്നു.

(ഇ) നിധി എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന കേരള സംസ്ഥാന സാംസ്കാരിക ക്ഷേമനിധി എന്നർത്ഥമാകുന്നു.

(എഫ്) കുടുംബം എന്നാൽ ഭർത്താവ് അല്ലെങ്കിൽ ഭാര്യ പ്രായപൂർത്തിയാകാത്ത കുട്ടികൾ അവിവാഹിതരായ കുട്ടികൾ അവിവാഹിതരായ പുത്രിമാർ എന്നിവരും ഈ

വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന അച്ഛനും അമ്മയും വിധവകളായ പുത്രിമാരും എന്നാകുന്നു.

(ജി) അംഗം എന്നാൽ 7-ാം വകുപ്പുപ്രകാരമുള്ള നിധിയിലെ ഒരു അംഗം എന്നർത്ഥമാകുന്നു.

(എച്ച്) ചലച്ചിത്ര അക്കാദമി എന്നാൽ കേരള സർക്കാർ രൂപീകരിച്ചിട്ടുള്ള കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി എന്നാകുന്നു.

(ഐ) സാഹിത്യ അക്കാദമി എന്നാൽ കേരള സർക്കാർ രൂപീകരിച്ചിട്ടുള്ള കേരള സാഹിത്യ അക്കാദമി എന്നാകുന്നു.

(ജെ) സംഗീതനാടക അക്കാദമി എന്നാൽ കേരള സർക്കാർ രൂപീകരിച്ചിട്ടുള്ള കേരള സംഗീത നാടക അക്കാദമി എന്നാകുന്നു.

(കെ) ലളിതകലാ അക്കാദമി എന്നാൽ കേരള സർക്കാർ രൂപീകരിച്ചിട്ടുള്ള കേരള ലളിതകലാ അക്കാദമി എന്നാകുന്നു.

(എൽ) നാടൻകലാ അക്കാദമി എന്നാൽ കേരള സർക്കാർ രൂപീകരിച്ചിട്ടുള്ള കേരള നാടൻ കലാ അക്കാദമി (കേരള ഫോക്ക്‌ലോർ അക്കാദമി ) എന്നാകുന്നു.

(എം) കലാമണ്ഡലം എന്നാൽ കേരള സർക്കാർ രൂപീകരിച്ചിട്ടുള്ള യു.ജി.സി. അംഗീകരിച്ച കേരള കലാമണ്ഡലം കൽപ്പിത സർവ്വകലാശാല എന്നാകുന്നു.

(എൻ) സിനിമ ടെലിവിഷൻ മേഖല എന്നാൽ സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയുടെ നിർവചന പ്രകാരമുള്ള സിനിമ, ടെലിവിഷൻ എന്നാകുന്നു.

(ഒ) കല സാഹിത്യം സാംസ്കാരികരംഗം എന്നാൽ സാഹിത്യ അക്കാദമി, സംഗീത നാടക അക്കാദമി, ലളിതകലാ അക്കാദമി, നാടൻകലാ അക്കാദമി, കലാമണ്ഡലം എന്നിവയുടെ അംഗീകൃത നിർവചനപ്രകാരമുള്ള കല, സാഹിത്യം, സാംസ്കാരിക രംഗം എന്നാകുന്നു.

(പി) വയസ്സ് എന്നാൽ ജനുവരി 1 പ്രകാരം തികഞ്ഞ വയസ്സ് എന്നാകുന്നു.

(ക്യൂ) ചലചിത്രം / ടി.വി/ കലാസാംസ്കാരിക രംഗത്തെ സംഘടനകൾ എന്നാൽ ബന്ധപ്പെട്ട മേഖലയിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന അംഗീകാരമുള്ള സംഘടനകൾ എന്നാകുന്നു.

(ആർ) കേബിൾ എന്നാൽ വിവിധ ചാനലുകളുടെ പരിപാടികൾ സ്വീകരിച്ച് കേബിൾ ശൃംഖല വഴി ഉപഭോക്താക്കൾക്കെത്തിക്കുന്ന സേവന ദാതാവ് എന്നാകുന്നു.

(എസ്) ഡി.റ്റി.എച്ച് എന്നാൽ വിവിധ ചാനലുകളുടെ പരിപാടികൾ ഈ സംവിധാനമുപയോഗിച്ച് ഉപഭോക്തവിനെത്തിക്കുന്ന സേവന ദാതാവ് എന്നാകുന്നു.

## 3. കേരള സംസ്ഥാന സാംസ്കാരിക ക്ഷേമനിധി

(i) സർക്കാരിന് ഈ ആക്റ്റിന്റെ പരിധിയിൽ വരുന്ന വ്യക്തികളുടെ ക്ഷേമത്തിനായി ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റ് പ്രകാരം കേരള സംസ്ഥാന സാംസ്കാരിക ക്ഷേമനിധി എന്ന പേരിൽ ഒരു പദ്ധതി ഉണ്ടാക്കാവുന്നതും ഈ പദ്ധതി ഉണ്ടാക്കിയതിനുശേഷം കഴിയുന്നതും വേഗം ഈ ആക്റ്റിലേയും പദ്ധതിയിലേയും വ്യവസ്ഥകളനുസരിച്ച് ഒരു നിധി രൂപീകരിക്കേണ്ടതും ആണ്.

(ii) നിധി 4-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ബോർഡിൽ നിക്ഷിപ്തമാകുന്നതും ബോർഡിനാൽ കൈകാര്യം ചെയ്യപ്പെടുന്നതുമാണ്.

(iii) പ്രവർത്തന സൗകര്യത്തിനായി നിധി താഴെ പറയും പ്രകാരം ക്രമീകരിച്ചിരിക്കുന്നു. ഇവ ബോർഡിന്റെ കീഴിൽ വ്യത്യസ്ത ക്ഷേമപദ്ധതികളായി പ്രവർത്തിക്കുന്നതാണ്.

(എ) സിനിമാക്ഷേമനിധി

(ബി) ടിവി ക്ഷേമനിധി

(സി) കലാസാഹിത്യ ക്ഷേമനിധി

(iv) നിധിയിൽ 8-ാം വകുപ്പ് പ്രകാരമുള്ളവരവ് ഉണ്ടായിരിക്കുന്നതാണ്.

(v) നിധി 9-ാം വകുപ്പ് പ്രകാരമുള്ള ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.

## 4. ബോർഡിന്റെ രൂപീകരണം

(1) സർക്കാരിന്, വിജ്ഞാപനം വഴി അതിൽ പ്രത്യേകം നിർദ്ദേശിക്കാവുന്ന തീയതി മുതൽക്കുള്ള പ്രാബല്യത്തോടുകൂടി നിധിയുടെ ഭരണനിർവഹണത്തിനും നടത്തിപ്പിനും നിധിയിൽ നിന്ന് ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും വേണ്ടി കേരള സംസ്ഥാന സാംസ്കാരികക്ഷേമനിധി ബോർഡ് എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ബോർഡ്, ശാശ്വത പിൻതുടർച്ചാവകശാത്തോടും പൊതുമുദ്രയോടും കൂടി മേൽപറഞ്ഞ പേരിലുള്ള ഒരു ഏക അംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാകുന്നു.

(3) ബോർഡിൽ താഴെ വ്യവസ്ഥ ചെയ്യുന്ന പ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പത്തൊമ്പത് ഡയറക്ടർമാർ ഉണ്ടായിരിക്കുന്നതാണ്.

(i) സിനിമാമേഖലയെ പ്രതിനിധീകരിക്കുന്ന അഞ്ച് അംഗങ്ങൾ
(ii) ടി.വി.മേഖലയെ പ്രതിനിധീകരിക്കുന്ന രണ്ട് അംഗങ്ങൾ
(iii) കലാസാഹിത്യരംഗത്തുള്ള മൂന്ന് അംഗങ്ങൾ
(iv) സാംസ്കാരികവകുപ്പ് സെക്രട്ടറി അല്ലെങ്കിൽ പ്രതിനിധി
(v) ധനകാര്യവകുപ്പ് സെക്രട്ടറി അല്ലെങ്കിൽ പ്രതിനിധി
(vi) ചലച്ചിത്ര അക്കാദമി സെക്രട്ടറി
(vii) കെ.എസ്.എഫ്.ഡി.സി. എം.ഡി.
(viii) കേരള ഫോക്ക് ലോർ അക്കാദമി സെക്രട്ടറി
(ix) കേരള സാഹിത്യ അക്കാദമി സെക്രട്ടറി

(x) കേരള സംഗീത നാടക അക്കാദമി സെക്രട്ടറി

(xi) കേരള ലളിത കലാ അക്കാദമി സെക്രട്ടറി

(xii) കേരള കലാമണ്ഡലം രജിസ്ട്രാർ.

(4) ബോർഡിലെ അംഗങ്ങളിൽ 2 പേർ വനിതകളും ഒരാൾ പട്ടികജാതി/വർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുമായിരിക്കണം.

(5) സർക്കാരിന് 4-ാം വകുപ്പ് 3-ാം ഉപവകുപ്പ് ഒന്നു മുതൽ മൂന്നുവരെ വിഭാഗത്തിൽ പെടുന്ന ബോർഡ് ഡയറക്ടർമാരിൽ ഒരാളെ അതിന്റെ ചെയർമാനായും മറ്റൊരാളെ വൈസ്ചെയർമാനായും നിയമിക്കാവുന്നതാണ്. ചെയർമാനും ഡയറക്ടർമാർക്കും സർക്കാർ നിശ്ചയിക്കുന്ന വേതനവും യാത്രാപ്പടിയും നൽകാവുന്നതാണ്.

(6) **ചെയർമാൻ.** യോഗങ്ങളിൽ അധ്യക്ഷത വഹിക്കുക. നിധിയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് നേതൃത്വപരമായ പങ്ക് വഹിക്കുക. നിധിയുടെ സാമ്പത്തിക ഇടപാടുകളിൽ നിധിയുടെ സെക്രട്ടറിയോടൊപ്പം ഉത്തരവാദിത്വം വഹിക്കുക. നിധിയുടെ പ്രവർത്തനങ്ങൾക്കും അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കും അനുപൂരകമായ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുക. നിധിയുടെ പ്രവർത്തനങ്ങൾ ഉത്തരവാദിത്വബോധത്തോടെ നടപ്പാക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തുക. ജീവനക്കാരുടെ അച്ചടക്ക നടപടികളിൽ ബോർഡ് കൂടി അംഗീകരിക്കുന്നതിനു സാവകാശം ഇല്ലാത്ത അടിയന്തിര സ്വഭാവമുള്ളവ നടപ്പാക്കുക.

ചെയർമാന്റെ കാലാവധി സാധാരണഗതിയിൽ മൂന്നുവർഷമായിരിക്കും. സർക്കാർ അദ്ദേഹത്തെ നീക്കുകയോ അദ്ദേഹം സ്വയം രാജിവെയ്ക്കുകയോ ചെയ്താൽ ഈ ചട്ടങ്ങളിൽ എന്തുതന്നെ പറഞ്ഞിരുന്നാലും അദ്ദേഹത്തിന്റെ കാലാവധി ആ തീയതിവെച്ച് അവസാനിക്കുന്നതാണ്.

(7) **വൈസ്ചെയർമാൻ**. ചെയർമാന്റെ അഭാവത്തിൽ ചുമതലകൾ നിർവഹിക്കുക.

വൈസ് ചെയർമാന്റെ കാലാവധി സാധാരാണഗതിയിൽ മൂന്നുവർഷമായിരിക്കും. സർക്കാർ അദ്ദേഹത്തെ നീക്കുകയോ അദ്ദേഹം സ്വയം രാജിവെയ്ക്കുകയോ ചെയ്താൽ ഈ ചട്ടങ്ങളിൽ എന്തുതന്നെ പറഞ്ഞിരുന്നാലും അദ്ദേഹത്തിന്റെ കാലാവധി ആ തീയതിവെച്ച് അവസാനിക്കുന്നതാണ്.

(8) സർക്കാരിന് എപ്പോൾ വേണമെങ്കിലും കാരണങ്ങൾ രേഖപ്പെടുത്തിക്കോണ്ട് ബോർഡിനെ ഒന്നാകെയോ, ബോർഡിലെ ഏതൊരു ഡയറക്ടറെയോ ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതും, അത് നിർദ്ദേശിക്കപ്പെട്ട നീക്കം ചെയ്യലിന് എതിരായി കാരണം കാണിക്കുന്നതിന് ന്യായമായ ഒരവസരം നൽകിയതിനുശേഷം ആയിരിക്കേണ്ടതുമാണ്.

എന്നാൽ, പൊതുതാല്പര്യം പരിഗണിച്ച് കാരണങ്ങൾ ലിഖിതമായി രേഖപ്പെടുത്തുന്നതോ, അങ്ങനെയുള്ള ഒരു അവസരം നൽകുന്നതോ യുക്തമല്ലെന്ന് സർക്കാരിന് അഭിപ്രായമുള്ളപക്ഷം നീക്കം ചെയ്യുന്നതിനുള്ള കാരണം എഴുതി രേഖപ്പെടുത്തകയോ നിർദ്ദിഷ്ട നീക്കം ചെയ്യലിനെതിരായി കാരണം കാണിക്കലിന് അവസരം നൽകുകയോ ചെയ്യേണ്ട അവശ്യമില്ലാതാകുന്നു.

(9) താഴെ പറയുന്ന കാരണങ്ങളിലും ഡയറക്ടറെ നീക്കാവുന്നതാണ്.

(എ) അദ്ദേഹം ബോർഡിന്റെ അനുവാദം കൂടാതെ തുടർച്ചയായി ബോർഡിന്റെ മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുകയാണെങ്കിൽ

(ബി) അദ്ദേഹം ഡയറക്ടറായി പ്രവർത്തിക്കുന്നതിന് യോഗ്യനല്ലെന്നോ കഴിവില്ലാത്തവനായി തീർന്നുവെന്നോ, ഡയറക്ടറായി അദ്ദേഹം തുടരുന്നത് പൊതു തല്പര്യത്തിന് ഹാനികരമായി തീരത്തക്കവിധം തന്റെ ഡയറക്ടർ പദവി ദുരുപയോഗപ്പെടുത്തിയിട്ടുണ്ടെന്നോ സർക്കാരിന് അഭിപ്രായമുള്ളപക്ഷം.

എന്നാൽ ഈ ഉപവകുപ്പ്പ്രകാരം ഒരു ഡയറക്ടറെ നീക്കം ചെയ്യുന്നതിന് മുൻപായി അദ്ദേഹത്തെ നീക്കം ചെയ്യാതിരിക്കാനുള്ള കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകേണ്ടതാണ്.

(10) ഏതൊരു ഡയറക്ർമാർക്കും സർക്കാരിന് ലിഖിതമായ നോട്ടീസ് നൽകികൊണ്ട് തന്റെ ഔദ്യോഗിക സ്ഥാനം രാജിവയ്ക്കാവുന്നതും എന്നാൽ, സർക്കാർ രാജി സ്വീകരിക്കുന്നതുവരെ അദ്ദേഹം ഔദ്യോഗികസ്ഥാനത്ത് തുടരേണ്ടതുമാണ്.

(11) (2) ാം ഉപവകുപ്പ് പ്രകാരം നീക്കം ചെയ്യപ്പെട്ട ബോർഡിലെ ഒരു ഡയറക്ടർ മറ്റ് വിധത്തിൽ സർക്കാർ ഉത്തരവാകാത്ത പക്ഷം അദ്ദേഹത്തെ നീക്കം ചെയ്ത തീയതി മുതൽ മൂന്ന് വർഷകാലത്തേക്ക് അതേ ബോർഡിലെ ഡയറക്ടറായി വീണ്ടും നിയമിക്കപ്പെടുന്നതിന് അർഹനായിരിക്കുന്നതല്ല

(12) ഡയറക്ടർമാരുടെ പേരിൽ ഏതെങ്കിലും ധനാപഹരണ അഴിമതിയോ, സ്വജനപക്ഷപാതമോ അധികാര സ്ഥാന ദുരുപയോഗമോ മറ്റു കുറ്റകൃത്യങ്ങളോ ആരോപിക്കപ്പെട്ടാൽ സർക്കാർ അതിൽ നിയമപരമായ നടപടികൾ ഉടനടി കൈക്കൊള്ളേണ്ടതും ആവശ്യമെങ്കിൽ ടി. അംഗങ്ങളെ

ബോർഡിൽ നിന്നും ഒഴിവാക്കേണ്ടതും സ്ഥാപനത്തിന് എന്തെങ്കിലും നഷ്ടമുണ്ടെന്ന് കണക്കാക്കപ്പെടുകയാണെങ്കിൽ അത് തിരിച്ചുപിടിക്കാൻ നടപടികൾ എടുക്കേണ്ടതുമാണ്.

## 5. ബോർഡിന്റെ അധികാരാവകാശങ്ങളും കാലാവധിയും

(1) ബോർഡിന്റെ കാലാവധി സാധാരണ ഗതിയിൽ മൂന്നു വർഷമായിരിക്കും.

(2) ബോർഡ്, അതിന്റെ നിക്ഷിപ്തമായിരിക്കുന്ന നിധിയുടെ കാര്യനിർവ്വഹണം പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്ന രീതിയിൽ നടത്തേണ്ടതാണ്.

(3) കലാസാംസ്കാരിക മേഖലയ്ക്കും പ്രവർത്തനങ്ങൾക്കും ആവശ്യമായ പ്രോത്സാഹനവും പിന്തുണയും നൽകുക. അതിന് ആവശ്യമായ നയപരമായ തീരുമാനങ്ങൾ കൈക്കൊണ്ട് നടപ്പാക്കുക.

(4) ചലചിത്ര വ്യവസായത്തെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ പ്രോത്സാഹനവും സഹായവും നൽകുക. അതിന് ആവശ്യമായ നയപരമായ തീരുമാനങ്ങൾ കൈക്കൊണ്ട് നടപ്പാക്കുക.

(5) 2009 ലെ കേരള സംസ്ഥാന സാംസ്കാരിക ക്ഷേമനിധിയുടെ പരിധിയിൽ വരുന്ന അംഗങ്ങളുടെ ക്ഷേമത്തിനും ആശ്വാസത്തിനുമുതകുന്ന പദ്ധതികൾക്ക് രൂപം നൽകുക. പദ്ധതി നടത്തിപ്പിന് മേൽനോട്ടം വഹിക്കുക.

(6) 9-ാം വകുപ്പ് പ്രകാരമുള്ള അംഗങ്ങളുടെ അധികാരാവകാശങ്ങളുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കുക.

(7) നിധിയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ മാർഗ നിർദ്ദേശങ്ങൾ നൽകുക. സർക്കാരിന്റെ മുൻകൂറനു

മതി ആവശ്യമല്ലാത്ത കാര്യങ്ങളിൽ ഉചിതമായ തീരുമാനങ്ങൾ കൈക്കൊണ്ട് നടപ്പിലാക്കുക.

(8) ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിയമങ്ങളും, ചട്ടങ്ങളും ഉണ്ടാക്കുക.

(9) ബോർഡിലേക്ക് ഓരോ വർഷവും അംശാദായമായി പിരിഞ്ഞു കിട്ടുന്ന തുകയുടെ ഏഴ് ശതമാനംവരെയോ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന തുകയോ ബോർഡിലെ സ്റ്റാഫിന്റെ ശമ്പളത്തിനും മറ്റ് അംഗീകൃത ചെലവുകൾക്കുമായി ചെലവഴിക്കാവുന്നതാണ്.

(10) ബോർഡിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി ബോർഡ് നിർദ്ദേശിക്കാവുന്ന ഏതെങ്കിലും നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി, നിധിയുടെ കാര്യക്ഷമമായ നടത്തിപ്പിന്, അത് ആവശ്യമെന്ന് കരുതുന്ന ഈ ആക്റ്റോ പദ്ധതിയോ പ്രകാരമുള്ള അതിന്റെ അധികാരങ്ങളും ചുമതലകളും ബോർഡിന്റെ ചെയർമാനോ ഏതെങ്കിലും ഡയറക്ടർക്കോ സെക്രട്ടറിക്കോ ബോർഡിലെ മറ്റേതെങ്കിലും ഓഫീസർക്കോ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്.

(11) പ്രവർത്തന സൗകര്യങ്ങൾക്കായി മൂന്ന് (സിനിമ, ടെലിവിഷൻ, കലാ-സാഹിത്യം) ഉപസമിതികൾ രൂപീകരിക്കേണ്ടതാണ്. ഈ ഉപസമിതികളുടെ ശുപാർശ ബോർഡ് അംഗീകരിക്കേണ്ടതാണ്.

(12) നിധിയുടെ കാര്യനിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള ജീവനക്കാർ അവരുടെ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക. ആവശ്യമെങ്കിൽ കേരള സർക്കാർ സർവ്വീസ് ചട്ടപ്രകാരമുള്ള അച്ചടക്ക നടപടികൾ കൈക്കൊള്ളുക.

(13) ക്ഷേമനിധി അംഗങ്ങൾക്കുള്ള പെൻഷൻ, വായ്പ, ചികിത്സാധനസഹായം, കുടുംബസഹായം തുടങ്ങി എല്ലാ ആനുകൂല്യങ്ങളും അംഗീകരിക്കുക.

(14) ക്ഷേമനിധിയിൽ അംഗങ്ങളാകാൻ അപേക്ഷ നൽകുന്ന വരുടെ അപേക്ഷകൾ പരിശോധിച്ച് അംഗീകരിക്കുക.

(15) ക്ഷേമനിധി അംഗങ്ങൾ ക്ഷേമനിധിയുടെ പൊതുതാല്പര്യത്തിന് വിരുദ്ധമായ സാമ്പത്തിക അച്ചടക്കലംഘനം നടത്തിയാൽ അങ്ങനെയുള്ളവരുടെ മേലുള്ള നടപടികൾ തീരുമാനിക്കുക.

(16) നിധിയ്ക്കുവേണ്ടി ബാങ്കുകളിൽ നിന്നോ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ ആവശ്യമായ വായ്പ / സാമ്പത്തിക സഹായം സ്വീകരിക്കുക.

(17) നിധിയ്ക്കുവേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ പ്രത്യേക പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം സ്വീകരിക്കുക.

(18) നിധിയിൽ നിക്ഷിപ്തമായിട്ടുള്ള ഫണ്ടുകൾ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിക്ഷേപിച്ച് അംഗങ്ങൾക്ക് ലാഭകരമായ തരത്തിൽ വരുമാനം വർദ്ധിപ്പിക്കുക.

(19) നിധിയുടെ വിവിധ ഉത്തമ താല്പര്യങ്ങൾ സംരക്ഷിച്ചു കൊണ്ട് വിവിധ സംരംഭങ്ങളിൽ ഏർപ്പെടുക.

(20) ക്ഷേമനിധിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളുടെ പരിധിയിൽ വരുന്ന അതിന്റെ പ്രവർത്തനത്തിന് അനുഗുണം എന്ന്കരുതുന്ന ഏതു കാര്യങ്ങളിലും തീരുമാനങ്ങൾ കൈക്കൊള്ളുക.

21. കേബിൾ, ഡി.റ്റി.എച്ച് സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ശക്തിപ്പെടുന്നതിനും ഉതകുന്ന പരിപാടികളും പദ്ധതികളും ആവിഷ്ക്കരിക്കുക.

# 6. ചില പ്രത്യേക വ്യവസ്ഥകൾ

(1) കേരളത്തിലോ പുറത്തോ വെച്ചു നിർമ്മിക്കപ്പെടുന്ന എല്ലാ മലയാള ഭാഷാ ചിത്രങ്ങളും നിർമ്മാണം ആരംഭിക്കുന്നതിനു മുമ്പുതന്നെ കേരള ചലച്ചിത്ര അക്കാദമിയിൽ രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

മലയാള ഭാഷാചിത്രങ്ങൾ നിർമ്മിക്കുമ്പോൾ അതിന്റെ നിർമ്മാതാവ്/ ക്കൾ നിർമ്മാണം തുടങ്ങുന്നതിനുമുമ്പായി ചലച്ചിത്ര അക്കാദമിയിൽ നിർദ്ദിഷ്ട ഫോറത്തിൽ രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ഇതിന് മിതമായ ഫീസ് മാത്രമേ ഈടാക്കുവാൻ പാടുള്ളൂ. ഓൺലൈനായും രജിസ്റ്റർ ചെയ്യാവുന്നതാണ്. ചിത്രം പൂർത്തിയാകുമ്പോൾ വിവരം രേഖാമൂലം അക്കാദമിയെ അറിയിക്കേണ്ടതാണ്. രജിസ്ട്രേഷൻ സമയത്തുനൽകുന്ന വിവരങ്ങളിൽ മതിയായ കാരണങ്ങളാൽ എന്തെങ്കിലും മാറ്റങ്ങൾ പിന്നീട് വരുന്നതായാൽ അത് ചിത്രം റിലീസ് ചെയ്യുന്നതിന് ഏഴുദിവസം എങ്കിലും മുമ്പായി കാരണങ്ങൾ വിശദമാക്കിക്കൊണ്ട് നിർദ്ദിഷ്ട ഫോറത്തിൽ നിർമ്മാതാവിന് തന്നെ മാറ്റം വരുത്തി നൽകാവുന്നതാണ്. (എന്തെങ്കിലും തർക്കം ഇതിൽ ഉടലെടുക്കുകയാണെങ്കിൽ അത് പരിശോധിച്ച് പരിഹരിക്കുന്നതിനുള്ള അവകാശം ബോർഡിനായിരിക്കും.)

റീമേക്ക്/ഡബ്ബിംഗ് ചിത്രങ്ങളും രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നു. അന്യഭാഷാചിത്രങ്ങൾ ബന്ധപ്പെട്ട വിതരണക്കാർ ചലച്ചിത്ര അക്കാദമിയിൽ രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

(2) ചലച്ചിത്ര സംവിധായകർ, ചലച്ചിത്ര അഭിനേതാക്കൾ, തിരക്കഥാകൃത്തുക്കൾ, ഗാനരചയിതാക്കൾ, സംഭാഷണരചയിതാക്കൾ, സംഗീത സംവിധായകർ, ഗായകർ, പശ്ചാത്തല സംഗീതസംവിധായകർ, എഡിറ്റർ, ശബ്ദ ലേഖകർ, മറ്റു സാങ്കേതിക വിദഗ്ധർ, പ്രൊഡക്ഷൻ യൂണിറ്റ്, ജീവനക്കാർ,

തൊഴിലാളികൾ, കലാസംവിധായകർ, നൃത്ത വിഭാഗത്തിൽ ഉൾപ്പെടുന്നവർ, പരസ്യം - വസ്ത്രാലങ്കാരം-സെറ്റ് തുടങ്ങിയ കലാരംഗത്തു പ്രവർത്തിക്കുന്നവർ, ജൂനിയർ ആർട്ടിസ്റ്റുമാർ, ഡബ്ബിംഗ് ആർട്ടിസ്റ്റുകൾ, ലൈറ്റ് ബോയ്സ്, സിനിമാ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മറ്റു ജീവനക്കാർ, തൊഴിലാളികൾ എന്നിവർ അവർ പ്രവർത്തിക്കുന്ന മേഖലകളിലെ സംഘടനയുടെ ശുപാർശയോടെയോ നേരിട്ടോ ചലച്ചിത്ര അക്കാദമിയിൽ രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

(3) സ്വാകാര്യ/പൊതുമേഖലാ വിതരണക്കമ്പനികൾ, സ്റ്റുഡിയോകൾ, ലബോറട്ടറികൾ തുടങ്ങി സിനിമാ നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ ചലച്ചിത്ര അക്കാദമിയിൽ രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

(4) പ്രദർശനശാലകൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ സർട്ടിഫിക്കറ്റോടുകൂടി ചലച്ചിത്ര അക്കാദമിയിൽ രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

(5) ടി.വി. നിർമ്മാതാക്കൾ, സംവിധായകർ, ടി.വി. താരങ്ങൾ, മറ്റു ടി.വി. മേഖലകളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർ, ബന്ധപ്പെട്ട സംഘടനയുടെ ശുപാർശയോടുകൂടിയോ നേരിട്ടോ ചലച്ചിത്ര അക്കാദമിയിൽ രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

(6) നാടകസംഘങ്ങൾ, മാജിക് സംഘങ്ങൾ എന്നിവയിൽ പ്രവർത്തിക്കുന്നവർ കേരള സംഗീത നാടക അക്കാദമിയിൽ രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

(7) കലാ സാഹിത്യ സാംസ്കാരിക രംഗത്തു പ്രവർത്തിക്കുന്നവർ ബന്ധപ്പെട്ട അക്കാദമികളിലോ കലാമണ്ഡലത്തിലോ രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

(8) കേബിൾ, ഡി.റ്റി.എച്ച് ശൃംഖലയിൽ നിലവിലുള്ള സേവനദാതാക്കൾ അവരുടെ സ്ഥാപനങ്ങൾ ചലച്ചിത്ര അക്കാദമിയിൽ രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നു. പുതിയ

തായി ആരംഭിക്കുന്ന സ്ഥാപനങ്ങൾ ചലച്ചിത്ര അക്കാദമിയിൽ മുൻകൂറായി രജിസ്റ്റർ ചെയ്ത് ലൈസൻസ് നേടേണ്ടതാണ്.

## 7. അംഗങ്ങൾ

ക്ഷേമനിധി നടപ്പാക്കപ്പെടുന്ന തീയതിയിൽ പതിനെട്ടുവയസ്സു തികഞ്ഞ 60 വയസ്സുകഴിയാത്ത കേരളീയരായ താഴെപ്പറയുന്ന എ.ബി.സി. വിഭാഗത്തിൽപ്പെടുന്നവർ. ക്ഷേമനിധി നടപ്പാക്കപ്പെടുന്ന തീയതിയിൽ 60 വയസ്സിന് മുകളിലുള്ളവർക്ക് ക്ഷേമനിധിയിൽ പ്രത്യേക അംഗത്വം നൽകുന്നതാണ്. ക്ഷേമനിധി പ്രാബല്യത്തിൽ വരുന്ന ദിനത്തിൽ 60 വയസ്സുകഴിഞ്ഞവരെ അംശാദായം അടയ്ക്കേണ്ടാത്ത അംഗങ്ങളായി പരിഗണിച്ച് അംഗത്വം നൽകേണ്ടതാണ്. 60 വയസ്സ് കഴിഞ്ഞവർക്ക് സ്വയം അംശാദായം അടയ്ക്കുന്ന അംഗങ്ങളായും ചേരാവുന്നതാണ്. അംഗങ്ങളെല്ലാം ബന്ധപ്പെട്ട മേഖലയിലെ പൂർണ്ണ സമയപ്രവർത്തകരോ ഈ മേഖല ഉപജീവനമാർഗ്ഗമായി സ്വീകരിച്ചവരോ ആയിരിക്കണം. (സർക്കാർ - അർദ്ധസർക്കാർ, പൊതുമേഖല ജീവനക്കാർ, മറ്റുവരുമാനമുള്ള തൊഴിൽ ചെയ്യുന്നവർ എന്നിവർക്ക് ഇതിൽ അംഗങ്ങളാകാൻ കഴിയില്ല. ഒരാൾക്ക് ഒരു ക്ഷേമനിധിയിൽ മാത്രമേ അംഗത്വം ലഭിക്കുകയുള്ളു.

### (എ) സിനിമാക്ഷേമനിധി

i. നിർമ്മാതാവ് :- (ഒരു സിനിമയെങ്കിലും നിർമ്മിച്ച് സെൻസർഷിപ്പ് സർട്ടിഫിക്കേറ്റ് ലഭിച്ചിട്ടുള്ള വ്യക്തി / ഒരു സിനിമ നിർമ്മിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട സംഘടനയിൽ/ചലച്ചിത്ര അക്കാദമിയിൽ രജിസ്റ്റർ ചെയ്യുമ്പോൾ നിർമ്മാതാവിന്റെ സ്ഥാനത്തുവെക്കുന്ന പേരുകാരൻ/കാർ)

ii. സംവിധായകൻ :- (ഒരു സിനിമയെങ്കിലും സംവിധാനം ചെയ്ത് സെൻസർഷിപ്പ് സർട്ടിഫിക്കേറ്റ് ലഭിച്ചിട്ടുള്ള വ്യക്തി

/ ഒരു സിനിമ നിർമ്മിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട സംഘടനയിൽ/ചലച്ചിത്ര അക്കാദമിയിൽ രജിസ്റ്റർ ചെയ്യുമ്പോൾ സംവിധായകന്റെ സ്ഥാനത്തു വെക്കുന്ന പേരുകാരൻ/കാർ അല്ലെങ്കിൽ ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം.)

iii. കഥ, തിരക്കഥ, സംഭാഷണം :- (ഒരു സിനിമ നിർമ്മിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട സംഘടനയിൽ/ചലച്ചിത്ര അക്കാദമിയിൽ രജിസ്റ്റർ ചെയ്യുമ്പോൾ കഥ, തിരക്കഥ, സംഭാഷണം എന്നീ സ്ഥാനത്തുവെക്കുന്ന പേരുകാരൻ/കാർ അല്ലെങ്കിൽ ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം.)

iv. ഗാനരചന:- (ഒരു സിനിമ നിർമ്മിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട സംഘടനയിൽ/ചലച്ചിത്ര അക്കാദമിയിൽ രജിസ്റ്റർ ചെയ്യുമ്പോൾ ഗാനരചന എന്ന സ്ഥാനത്തുവെക്കുന്ന പേരുകാരൻ/കാർ അല്ലെങ്കിൽ ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം.)

v. സംഗീത സംവിധാനം (ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം.)

vi. പശ്ചാത്തല സംഗീതം (ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം.)

vii. സംവിധാന സഹായികൾ (ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം.)

viii. എഡിറ്റർമാർ, ശബ്ദലേഖകർ, ഛായാഗ്രാഹകർ, ക്യാമറാമാൻ, ആർട്ട് ഡയറക്ടർ (ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം.)

ix. സാങ്കേതിക വിദഗ്ധർ (ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം.)

x. പ്രൊഡക്ഷൻ വിഭാഗം , ബന്ധപ്പെട്ട ജീവനക്കാർ, തൊഴിലാളികൾ (ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം.)

xi. ഡബ്ബിംഗ് ആർട്ടിസ്റ്റ്സ് (ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം.)

xii. ചലച്ചിത്ര അഭിനേതാക്കൾ, ജൂനിയർ ആർട്ടിസ്റ്റുകൾ (ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം.)

xiii. നൃത്ത വിഭാഗത്തിൽപ്പെടുന്നവർ (ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം.)

xiv. പരസ്യം, വസ്ത്രാലങ്കാരം, സെറ്റ് തുടങ്ങിയ കലാരംഗത്തു പ്രവർത്തിക്കുന്നവർ (ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം.)

xv. ലബോറട്ടറി, സ്റ്റുഡിയോ ഉടമസ്ഥർ, സാങ്കേതിക വിദഗ്ധർ, ജീവനക്കാർ, തൊഴിലാളികൾ (ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമിയുടെ ശുപാർശപ്രകാരം.)

xvi. സിനിമാ മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ലൈറ്റ് ബോയ്സ് ഉൾപ്പെടുയുള്ള മറ്റു ജീവനക്കാർ, തൊഴിലാളികൾ (ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമിയുടെ ശുപാർശ പ്രകാരം.)

xvii. ചലച്ചിത്ര വിതരണക്കാർ, ഏജന്റുമാർ, തൊഴിലാളികൾ (ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം.)

xviii. തീയേറ്റർ ഉടമകൾ, തീയേറ്റർ ജീവനക്കാർ, തൊഴിലാളികൾ (ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം.)

xix. ചലച്ചിത്രരംഗത്ത് ഉയർന്നു വരാവുന്ന പുതിയ സാങ്കേതിക വിദ്യകളും തൊഴിലുമായി ബന്ധപ്പെട്ടവർ. (ക്ഷേമനിധി ബോർഡ് ശുപാർശ ചെയ്യുന്നതുപ്രകാരം.)

xx ചലച്ചിത്ര നിരൂപകർ - ഒരു ചലച്ചിത്രനിരൂപണ ഗ്രന്ഥമെങ്കിലും പ്രസിദ്ധീകരിച്ചിരിക്കണം/സ്ഥിരമായി കോളം എഴുതുന്നവരായിരിക്കണം(ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം)

## (ബി) ടി.വി. ക്ഷേമനിധി

i. നിർമ്മാതാക്കൾ (ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം)

നിർമ്മാതാവ് :- (ഒരു ടി.വി. പ്രോഗ്രം നിർമ്മിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമിയിൽ രജിസ്റ്റർ ചെയ്യുമ്പോൾ നിർമ്മാതാവിന്റെ സ്ഥാനത്തുവെക്കുന്ന പേരുകാരൻ/കാർ)

ii. സംവിധായകൻ :- (ഒരു ടി.വി. പ്രോഗ്രം നിർമ്മിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമിയിൽ രജിസ്റ്റർ ചെയ്യുമ്പോൾ സംവിധായകന്റെ സ്ഥാനത്തു വെക്കുന്ന പേരുകാരൻ/കാർ അല്ലെങ്കിൽ ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം.)

iii. കഥ, തിരക്കഥ, സംഭാഷണം :- (ഒരു ടി.വി. പ്രോഗ്രം നിർമ്മിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമിയിൽ രജിസ്റ്റർ ചെയ്യുമ്പോൾ കഥ, തിരക്കഥ, സംഭാഷണം എന്നീ സ്ഥാനത്തുവെക്കുന്ന പേരുകാരൻ/കാർ അല്ലെങ്കിൽ ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം.)

iv. ഗാനരചന:- (ഒരു ടി.വി. പ്രോഗ്രം നിർമ്മിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമിയിൽ രജിസ്റ്റർ ചെയ്യുമ്പോൾ ഗാനരചന എന്ന സ്ഥാനത്തുവെക്കുന്ന പേരുകാരൻ/കാർ അല്ലെങ്കിൽ ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം.)

v. സംഗീത സംവിധാനം (ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം.)

vi. പശ്ചാത്തല സംഗീതം (ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം.)

vii. സംവിധാന സഹായികൾ (ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം.)

viii. എഡിറ്റർമാർ, ശബ്ദലേഖകർ, ഛായാഗ്രാഹകർ , ക്യാമറാമാൻ, ആർട്ട് ഡയറക്ടർ (ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം.)

ix. സാങ്കേതിക വിദഗ്ധർ (ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം.)

x. പ്രൊഡക്ഷൻ വിഭാഗം , ബന്ധപ്പെട്ട ജീവനക്കാർ, തൊഴിലാളികൾ (ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം.)

xi. ടി.വി. അഭിനേതാക്കൾ, ജൂനിയർ ആർട്ടിസ്റ്റുകൾ (ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം.)

xii. നൃത്തവിഭാഗത്തിൽപ്പെടുന്നവർ (ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം.)

xiii. പരസ്യം, വസ്ത്രാലങ്കാരം, സെറ്റ് തുടങ്ങിയ കലാരംഗത്തു പ്രവർത്തിക്കുന്നവർ (ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം.)

xiv. ലബോറട്ടറി, സ്റ്റുഡിയോ ഉടമസ്ഥർ, സാങ്കേതിക വിദഗ്ധർ, ജീവനക്കാർ, തൊഴിലാളികൾ (ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമിയുടെ ശുപാർശപ്രകാരം.)

xv. ടി.വി. മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ലൈറ്റ് ബോയ്സ് ഉൾപ്പെടുയുള്ള മറ്റു ജീവനക്കാർ, തൊഴിലാളികൾ (ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമിയുടെ ശുപാർശ പ്രകാരം.)

xvi. കേബിൾ, ഡി.റ്റി.എച്ചുമായി ബന്ധപ്പെട്ട ഉടമസ്ഥർ, സാങ്കേതിക വിദഗ്ധർ, ജീവനക്കാർ(ബന്ധപ്പെട്ട സംഘടന/ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം)

xvii ടി.വി.നിരൂപകർ ഒരു നിരൂപണഗ്രന്ഥമെങ്കിലും പ്രസിദ്ധീകരിച്ചിരിക്കണം/സ്ഥിരമായി കോളം എഴുതുന്നവരായിരിക്കണം.(ചലച്ചിത്ര അക്കാദമി ശുപാർശ പ്രകാരം).

## (സി) കലാ സാഹിത്യ ക്ഷേമനിധി

i. കലാ സാഹിത്യ സാംസ്ക്കാരിക രംഗത്തു നിരന്തരം പ്രവർത്തിക്കുന്ന കലാ സംസ്ക്കാരിക പ്രവർത്തകർ, എഴുത്തുകാർ. (കേരളസാഹിത്യ അക്കാദമി, കേരള ലളിത കലാ അക്കാദമി, കേരള സംഗീത നാടക അക്കാദമി, കേരള ഫോക്ക്ലോർ അക്കാദമി, കേരള കലാമണ്ഡലം കൽപ്പിത സർവ്വകലാശാല എന്നീ സ്ഥാപനങ്ങളുടെ ശുപാർശ പ്രകാരം)

ii. നാടകപ്രവർത്തകർ. (നടീനടന്മാർ, നാടകകൃത്തുക്കൾ, ഗാന രചയിതാക്കൾ, സംഗീത സംവിധായകർ, സാങ്കേതിക വിദഗ്ധർ, മറ്റു കലാകാരന്മാർ, ജീവനക്കാർ, തൊഴിലാളികൾ.) ബന്ധപ്പെട്ട സംഘടന/സംഗീതനാടക അക്കാദമി ശുപാർശ പ്രകാരം.

iii. മാജിക് രംഗത്തെ കലാകാരന്മാർ. (മാജിക് രംഗത്തെ സംഘടനകൾ/സംഗീത നാടക അക്കാദമി ശുപാർശ പ്രകാരം.)

iv. കാർട്ടൂൺ കലാകാരന്മാർ. (കാർട്ടൂൺ അക്കാദമി/കേരള ലളിതകലാ അക്കാദമി ശുപാർശ പ്രകാരം)

v. കഥാപ്രസംഗ കലാകാരൻമാർ (സംഗീതകനാടക അക്കാദമി ശുപാർശ പ്രകാരം)

### 8. ക്ഷേമനിധിയിലേക്കുള്ള വരവുകൾ

ഓരോ മലയാള സിനിമയുടെയും ഇരുപത് രൂപയ്ക്കുമുകളിലുള്ള ഓരോ സിനിമാ ടിക്കറ്റിൽ നിന്നും ശേഖരിക്കുന്ന മൂന്ന് രൂപ ഇതിൽ 1.50 പൈസ ബന്ധപ്പെട്ട നിർമ്മാതാവിന് അവകാശപ്പെടുന്ന സിനിമാ സബ്സിഡി ഫണ്ടിനും 1 രൂപ സിനിമാ ക്ഷേമനിധിക്കും 10 പൈസ കലാ സാഹിത്യ ക്ഷേമനിധിക്കും 20 പൈസവീതം കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിക്കും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനും വകയിരുത്തുന്നു.

അന്യഭാഷാ ചിത്രങ്ങളുടെ 20 രൂപയ്ക്ക് മുകളിലുള്ള ടിക്കറ്റുകളിൽ നിന്നും ലഭിക്കുന്ന മൂന്ന് രൂപ ഇതിൽ 2.50 പൈസ സിനിമാ ക്ഷേമ

നിധിയിലേക്കും 50 പൈസ കലാ സാഹിത്യ ക്ഷേമനിധി ഫണ്ടിലേക്കും വകയിരുത്തപ്പെടും.

മലയാള ഭാഷാ ചിത്രങ്ങളുടെ 15 മുതൽ 20 രൂപ വരെയുള്ള ടിക്കറ്റുകളിൽ നിന്നും ശേഖരിക്കുന്ന 1 രൂപ ഇതിൽ 50 പൈസ നിർമ്മാതാക്കളുടെ സബ്സിഡി ഫണ്ടിലേക്കും 50 പൈസ സിനിമാക്ഷേമനിധി പൊതുഫണ്ടിലേക്കും വകയിരുത്തപ്പെടും.

അന്യഭാഷാ ചിത്രങ്ങളുടെ 15 മുതൽ 20 രൂപവരെയുള്ള ടിക്കറ്റുകളിൽ നിന്നും ശേഖരിക്കുന്ന 1 രൂപ സിനിമാ ക്ഷേമനിധി പൊതുഫണ്ടിലേക്ക് വകയിരുത്തപ്പെടും.

മേൽപ്പറഞ്ഞ നിരക്കിൽ സിനിമാ ടിക്കറ്റിൽ നിന്നും ഈടാക്കുന്ന തുക ടിക്കറ്റ് സീൽ ചെയ്യുമ്പോൾ വിനോദനികുതി അടക്കമുള്ള തുകയോടൊപ്പം ചേർത്ത് അതാത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ എല്ലാ മാസവും രണ്ടാം വെള്ളിയാഴ്ചയ്ക്കുള്ളിൽ അടയ്ക്കേണ്ടതാണ്.

കേബിൾ, ഡി.റ്റി.എച്ച് സേവനദാതാക്കൾ ഒരോ ഉപഭോക്താവിൽ നിന്നും പ്രതിമാസം ശേഖരിക്കുന്ന 5 രൂപ ഇതിൽ 3.50 പൈസ ടി.വി.ക്ഷേമനിധിക്കും 1 രൂപ കലാസാഹിത്യ ക്ഷേമനിധിക്കും 50 പൈസ ചലച്ചിത്ര അക്കാദമിക്കും വകയിരുത്തപ്പെടും.

താഴെപ്പറയുന്ന വരവുകളും ക്ഷേമനിധിക്കുണ്ടായിരിക്കുന്നതാണ്.

**(എ) സിനിമാ ക്ഷേമനിധി**

(i) കേരള സംസ്ഥാന സാംസ്കാരിക ക്ഷേമനിധി രൂപീകരണത്തിന്റെ ആവശ്യത്തിലേക്കായും ഫണ്ട് സമാഹരണത്തിനായും കേരള സംസ്ഥാന ലോട്ടറി വകുപ്പുമായി ചേർന്ന് നടത്തിയ സാംസ്കാരിക ബമ്പർ ഭാഗ്യക്കുറിയുടെ ലാഭത്തിൽ നിന്നുള്ള നാല്പതു ശതമാനം തുക

(ii) 10-ാം വകുപ്പ് പ്രകാരമുള്ള അംശാദായങ്ങൾ

(iii) 13-ാം വകുപ്പ് പ്രകാരം ബോർഡ് കടം വാങ്ങിയ തുക

(iv) കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ ഏതെങ്കിലും സ്ഥാപനങ്ങളോ ധനകാര്യ സ്ഥാപനങ്ങളോ നൽകുന്ന ഗ്രാന്റുകളോ , വായ്പകളോ അഡ്വാൻസുകളോ സംഭാവ നകളോ.

(v) മറ്റേതെങ്കിലും മാർഗ്ഗത്തിൽ നിന്നുള്ള ഏതൊരു സംഭാവ നയും

(vi) നൽകുന്ന അഡ്വാൻസുകളിൽ നിന്നോ വായ്പകളിൽ നിന്നോ ഈടാക്കുന്ന പലിശയും പിഴപ്പലിശയും

(vii) നിക്ഷേപങ്ങൾക്കു ലഭിക്കുന്ന പലിശ വരുമാനം വർദ്ധിപ്പി ക്കാനായി ക്ഷേമനിധി ബോർഡ് അംഗീകരിക്കുന്ന ഏതൊരു പദ്ധതിയിലും കൂടി ലഭിക്കുന്ന തുക.

(viii) പദ്ധതി പ്രകാരം ചുമത്തുന്ന ഫീസ്.

(ix) മറ്റേതെങ്കിലും രീതിയിൽ നിധിയിലേക്ക് വകകൊള്ളിക്കേണ്ട തുക.

(x) 10-ാം വകുപ്പ് പ്രകാരം ബന്ധപ്പെട്ട സിനിമാനിർമ്മാതാവ്, വിതരണക്കാരൻ, തിയേറ്റർ ഉടമ, സ്റ്റുഡിയോ, ലബോറട്ടറി സിനിമയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ അടയ്ക്കുന്ന വിഹിതം.

(xi) സിനിമാ നിർമ്മാണം, വിതരണം തുടങ്ങിയ മേഖലകളിൽ രൂപപ്പെടുത്തുന്ന ചില പദ്ധതികളിലൂടെ ലഭിക്കുന്ന ആദായം.

(xii) നിലവിലുള്ള ഏതെങ്കിലും ക്ഷേമപദ്ധതിയോ, പെൻഷൻ പദ്ധതിയോ, ചികിത്സാ ധനസഹായ പദ്ധതിയോ നില നിൽക്കുന്നുണ്ടെങ്കിൽ അതിലെ സർക്കാർ വിഹിതം.

**(ബി) ടി.വി.ക്ഷേമനിധി**

(i) കേരള സംസ്ഥാന സാംസ്കാരിക ക്ഷേമനിധി രൂപീകര ണത്തിന്റെ ആവശ്യത്തിലേക്കായും ഫണ്ട് സമാഹരണത്തി നായും കേരള സംസ്ഥാന ലോട്ടറി വകുപ്പുമായി ചേർന്ന്

നടത്തിയ സാംസ്കാരിക ബമ്പർ ഭാഗ്യക്കുറിയുടെ ലാഭ ത്തിൽ നിന്നുള്ള 20 ശതമാനം തുക

(ii) 10 -ാം വകുപ്പ് പ്രകാരമുള്ള അംശാദായങ്ങൾ

(iii) 13-ാം വകുപ്പ് പ്രകാരം ബോർഡ് കടം വാങ്ങിയ തുക

(iv) കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ ഏതെങ്കിലും സ്ഥാപനങ്ങളോ ധനകാര്യ സ്ഥാപനങ്ങളോ നൽകുന്ന ഗ്രാന്റുകളോ , വായ്പകളോ അഡ്വാൻസുകളോ സംഭാവ നകളോ.

(v) മറ്റേതെങ്കിലും മാർഗ്ഗത്തിൽ നിന്നുള്ള ഏതൊരു സംഭാവ നയും

(vi) നൽകുന്ന അഡ്വാൻസുകളിൽ നിന്നോ വായ്പകളിൽ നിന്നോ ഈടാക്കുന്ന പലിശയും പിഴപ്പലിശയും

(vii) നിക്ഷേപങ്ങൾക്കു ലഭിക്കുന്ന പലിശ വരുമാനം വർദ്ധിപ്പി ക്കാനായി ക്ഷേമനിധി ബോർഡ് അംഗീകരിക്കുന്ന ഏതൊരു പദ്ധതിയിലും കൂടി ലഭിക്കുന്ന തുക.

(viii) പദ്ധതി പ്രകാരം ചുമത്തുന്ന ഫീസ്.

(ix) മറ്റേതെങ്കിലും രീതിയിൽ നിധിയിലേക്ക് വകകൊള്ളിക്കേണ്ട തുക.

(x) നിലവിലുള്ള ഏതെങ്കിലും ക്ഷേമപദ്ധതിയോ, പെൻഷൻ പദ്ധതിയോ, ചികിത്സാ ധനസഹായ പദ്ധതിയോ നില നിൽക്കുന്നുണ്ടെങ്കിൽ അതിലെ സർക്കാർ വിഹിതം.

(xi) ടി.വി.സീരിയൽ നിർമ്മാതാക്കൾ നിർമ്മാണ സമയത്ത് അട യ്ക്കുന്ന ഒറ്റത്തവണ വിഹിതം.

**(സി) കലാസാഹിത്യ ക്ഷേമനിധി**

(i) കേരള സംസ്ഥാന സാംസ്കാരിക ക്ഷേമനിധി രൂപീകര ണത്തിന്റെ ആവശ്യത്തിലേക്കായും ഫണ്ട് സമാഹരണത്തി നായും കേരള സംസ്ഥാന ലോട്ടറി വകുപ്പുമായി ചേർന്ന്

നടത്തിയ സാംസ്കാരിക ബമ്പർ ഭാഗ്യക്കുറിയുടെ ലാഭത്തിൽ നിന്നുള്ള 40 ശതമാനം തുക

(ii) 10-ാം വകുപ്പ് പ്രകാരമുള്ള അംശാദായങ്ങൾ

(iii) 13-ാം വകുപ്പ് പ്രകാരം ബോർഡ് കടം വാങ്ങിയ തുക

(iv) കേന്ദ്രസർക്കാരോ സംസ്ഥാന സർക്കാരോ ഏതെങ്കിലും സ്ഥാപനങ്ങളോ ധനകാര്യ സ്ഥാപനങ്ങളോ നൽകുന്ന ഗ്രാന്റുകളോ , വായ്പകളോ അഡ്വാൻസുകളോ സംഭാവനകളോ.

(v) മറ്റേതെങ്കിലും മാർഗ്ഗത്തിൽ നിന്നുള്ള ഏതൊരു സംഭാവനയും

(vi) നൽകുന്ന അഡ്വാൻസുകളിൽ നിന്നോ വായ്പകളിൽ നിന്നോ ഈടാക്കുന്ന പലിശയും പിഴപ്പലിശയും

(vii) നിക്ഷേപങ്ങൾക്കു ലഭിക്കുന്ന പലിശ വരുമാനം വർദ്ധിപ്പിക്കാനായി ക്ഷേമനിധി ബോർഡ് അംഗീകരിക്കുന്ന ഏതൊരു പദ്ധതിയിലും കൂടി ലഭിക്കുന്ന തുക.

(viii) പദ്ധതി പ്രകാരം ചുമത്തുന്ന ഫീസ്.

(ix) മറ്റേതെങ്കിലും രീതിയിൽ നിധിയിലേക്ക് വകകൊള്ളിക്കേണ്ട തുക.

(x) നിലവിലുള്ള ഏതെങ്കിലും ക്ഷേമപദ്ധതിയോ, പെൻഷൻ പദ്ധതിയോ, ചികിത്സാ ധനസഹായ പദ്ധതിയോ നിലനിൽക്കുന്നുണ്ടെങ്കിൽ അതിലെ സർക്കാർ വിഹിതം.

## 9. നിധി ഇനി പറയുന്ന എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

(എ) സ്ഥിരമായ ശാരീരിക അവശത മൂലം രണ്ടു വർഷത്തിലധികമായി ജോലി ചെയ്യുവാൻ കഴിയാതിരിക്കുകയോ, അറുപത് വയസ് തികയുകയോ ചെയ്തിട്ടുള്ളതും എന്നാൽ ഈ ആക്റ്റ് പ്രകാരമുള്ള ക്ഷേമനിധിയിൽ

കുറഞ്ഞപക്ഷം പത്തു വർഷമെങ്കിലും തുടർച്ചയായി അംശാദായം അടച്ചതുമായ അംഗത്തിന് പെൻഷൻ നൽകുന്നതിന്, കുറഞ്ഞ പക്ഷം 10 വർഷക്കാലം എങ്കിലും തുടർച്ചയായി അംശാദായം അടച്ച അംഗം മരിച്ചുപോയാൽ കുടുംബ പെൻഷൻ നൽകുന്നതിനും. അംശാദായം അടച്ചുകൊണ്ടിരിക്കുന്ന ഒരംഗം മരണപ്പെടുകയാണെങ്കിൽ മിനിമം വർഷം പരിഗണിക്കാതെ ബോർഡിന്റെ പ്രത്യേക അനുമതിയോടെ കുടുംബ പെൻഷൻ നൽകാവുന്നതിനും.

(ബി) ഫണ്ടിലേക്ക് ഒരു വർഷമെങ്കിലും തുടർച്ചയായി അംശാദായം അടച്ചിട്ടുള്ളതും എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ വരാത്തതുമായ സ്ത്രീകൾക്ക് പ്രസവത്തിന് പന്ത്രണ്ട് ആഴ്ചയും മാസം തികയാതെയുള്ള പ്രസവം, ഗർഭമലസൽ, നിയമപ്രകാരമുള്ള ഗർഭഛിദ്രം എന്നിവയ്ക്ക് ആറാഴ്ച വീതവും പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം പ്രസവകാല വേതനം നൽകുന്നതിന്.

എന്നാൽ, പ്രസവകാല വേതനം പരമാവധി രണ്ടു പ്രാവശ്യത്തിൽ കൂടുതൽ ലഭിക്കവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

(സി) മൂന്ന് വർഷമെങ്കിലും ഫണ്ടിലേക്ക് തുടർച്ചയായി അംശാദയം അടച്ച അംഗങ്ങളുടെ പെൺമക്കളുടെ വിവാഹച്ചെലവുകൾക്കോ, കുടുംബത്തിലെ ആശ്രിതരുടെ മരണം സംബന്ധിച്ച ചെലവുകൾക്കോ സഹായധനം നൽകുന്നതിന്.

(ഡി) ഒരു വർഷമെങ്കിലും ഫണ്ടിലേക്ക് തുടർച്ചയായി അംശാദയമടച്ചഅംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ക്ഷേമനിധി ബോർഡ് നിശ്ചയിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ചികിത്സാ സഹായം നൽകുന്നതിന്.

(ഇ) മൂന്ന് വർഷക്കാലമോ അതിലധികമോ തുടർച്ചയായി അംശാദായം അടച്ച ഒരംഗം അസുഖം മൂലമോ അപകടം

മൂലമോ മരിച്ചുപോയാൽ കാലാകാലങ്ങളിൽ പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം മരണാനന്തര സഹായധനം നൽകുന്നതിന്.

(എഫ്) കുറഞ്ഞത് 10 വർഷമെങ്കിലും തുടർച്ചയായ അംശാദായം അടച്ച അംഗങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് വായ്പയും സ്കോളർഷിപ്പും നൽകുന്നതിന്.

(ജി) സിനിമാ, ടി.വി, കേബിൾ, ഡി.റ്റി.എച്ച് ശൃംഖല, നാടകം, മാജിക്, മറ്റ് കലാ സാംസ്കാരിക മേഖലയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് വായ്പ നൽകുന്നതിന്.

<u>വിശദീകരണം:-</u> ഒരു വർഷത്തിൽ ആറു മാസമോ അതിലധികമോ തുടർച്ചയായി അംശാദായം അടച്ചവർ ആ വർഷം പൂർത്തിയാകും വരെ അംഗമായി തുടർന്നതായി കണക്കാക്കേണ്ടതും അതനുസരിച്ച് പെൻഷൻ, മരണാനന്തര സഹായധനം എന്നിവ കണക്കാക്കേണ്ടതുമാണ്. ആറു മാസത്തിൽ താഴെയുള്ള സർവ്വീസ് കണക്കിലെടുക്കാവുന്നതല്ല. ഒരംഗത്തിന് അടയ്ക്കേണ്ട 15 വർഷത്തേയ്ക്കുള്ള അംശാദായത്തുക ഒരുമിച്ചടയ്ക്കുന്ന അംഗം ക്ഷേമനിധിയിലെ ആജീവനാന്ത അംഗമായിരിക്കും.

(എച്ച്) വിതരണകമ്പനി, സ്റ്റുഡിയോ ലാബ്, സിനിമാനിർമ്മാണം തിയേറ്റർ നവീകരണം/നിർമ്മാണം, ടിവി സീരിയൽ/ഡോക്യുമെന്ററി നിർമ്മാണം, നാടകം മറ്റുകലാരൂപങ്ങൾ അവതരണം, നിർമ്മാണം, പുസ്തകം അച്ചടി തുടങ്ങിയ ബോർഡ് അംഗീകരിക്കുന്ന ആവശ്യങ്ങൾക്ക് വായ്പ ലഭിക്കുന്നതിന്.

(ഐ) ബന്ധപ്പെട്ട നിർമ്മാതാവിന്/ക്കൾക്ക് അവകാശപ്പെട്ട ചലച്ചിത്ര സബ്സിഡി നൽകുന്നതിന്. തീയേറ്റർ ഉടമകൾ അടയ്ക്കുന്ന വിഹിതത്തിൽ നിന്നും ഈ സബ്സിഡി കണക്കാക്കി മൂന്നുമാസത്തിലൊരിക്കലോ, അർദ്ധവാർഷികമോ, വാർഷികമോ ആയി ബന്ധപ്പെട്ട നിർമ്മാതാവിന് നൽകണം. നിർമ്മാതാവിന്റെ രേഖാമൂലമുള്ള നിർദ്ദേശപ്രകാരം

ആ തുക ആ അംഗത്തിന്റെ പേരിൽ ക്ഷേമനിധിയിലുള്ള ഇടപാടുകളിൽ വരവുവെക്കാവുന്നതാണ്. പക്ഷേ ഈ അംഗത്തിന് ഏതെങ്കിലും തരത്തിലുള്ള കുടിശ്ശിക/ബാദ്ധ്യത നിധിയുടെ പേരിൽ ഉണ്ടെങ്കിൽ അതു തട്ടിക്കിഴിച്ച് ബാക്കി തുക മാത്രമെ നൽകുകയോ വരവു വെക്കുകയോ ചെയ്യാൻ പാടുള്ളു. തുക നൽകുന്നതിന് മന:പൂർവ്വം കാലതാമസം നേരിട്ടാൽ 12% പലിശ നൽകണം.

നിർമ്മാതാവിന് ഒരു മിനിമം സബ്സിഡി ഉറപ്പാക്കുന്നതിനോടൊപ്പം ഉയർന്ന സബ്സിഡിയും നിജപ്പെടുത്തേണ്ടതാണ്.

(ജെ) ചലച്ചിത്ര അക്കാദമി, കെ.എസ്.എഫ്.ഡി.സി. എന്നിവയ്ക്കവകാശപ്പെട്ട വിഹിതം മൂന്നു മാസത്തിലൊരിക്കൽ ചലച്ചിത്ര അക്കാദമി, കെ.എസ്.എഫ്.ഡി. സി. അക്കൗണ്ടുകളിലേക്ക് കൈമാറേണ്ടതാണ്. അതിൽ കാലതാമസം വരുത്തിയാൽ 12% പലിശ കണക്കാക്കി നൽകേണ്ടതാണ്.

(കെ) ഇപ്പോൾ കെ.എസ്.എഫ്.ഡി.സി. മുതലായ സ്ഥാപനങ്ങൾ നൽകിവരുന്ന ചലച്ചിത്ര സബ്സിഡി ക്ഷേമനിധി നിലവിൽ വന്നാൽ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ ചെയ്യുന്ന ചിത്രങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തുന്നതാണ്.

(എൽ) അംഗങ്ങൾക്ക് അവരുടെ അടവിന് ആനുപാതികമായ തുക ബോർഡ് നിശ്ചയിക്കുന്ന പലിശയ്ക്ക് വായ്പ നൽകുന്നതിന്.

(എം) അംശാദായം അടച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും ഒരംഗം ക്ഷേമനിധി അംഗത്വം ഇടയ്ക്കുവച്ച് സ്വമേധയാ അവസാനിപ്പിച്ചാലും പൂർണ്ണതോതിലുള്ള ആനുകൂല്യങ്ങൾ 60 വയസ് തികയുമ്പോൾ മാത്രമേ ലഭിക്കുകയുള്ളു.

## 10. നിധിയിലേക്കുള്ള അംശാദായം

(1) സിനിമാ/ടി.വി. നിർമ്മാതാക്കൾ, സംവിധായകർ, എഡിറ്റർമാർ, ഛായാഗ്രാഹകർ, തിരക്കഥാകൃത്തുക്കൾ, ആർട്ട് ഡയറക്ടർമാർ, വസ്ത്രാലങ്കാര വിദഗ്ധർ, മേക്കപ്പ്മാൻ, വിതരണക്കാർ, തീയേറ്റർ ഉടമകൾ, ടി.വി./ചലച്ചിത്ര താരങ്ങൾ എന്നിവർ പ്രതിമാസം കുറഞ്ഞത് 300 രൂപ ക്ഷേമനിധിയിലേക്ക് അംശാദായം നൽകണം. ഇതിൽ കൂടുതൽ അടയ്ക്കുന്നവർക്ക് പെൻഷൻ ആനുകൂല്യം ആനുപാതികമായി ഉയർന്നതായിരിക്കും.

(2) സിനിമാ നിർമ്മാണസമയത്ത് നിർമ്മാതാക്കൾ അടയ്ക്കുന്ന ഒറ്റത്തവണ വിഹിതം സ്റ്റുഡിയോ ഉടമകൾ, ലാബ് ഉടമകൾ, വിതരണക്കാർ, തീയേറ്റർ ഉടമകൾ എന്നിവർ വാർഷികമായി അടയ്ക്കുന്ന വിഹിതം (ഇവ ബോർഡ് നിശ്ചയിക്കേണ്ടതാണ്).

(3) മേൽപ്പട്ടികയിൽ വരാത്ത സിനിമാ/ടി.വി/ സാംസ്കാരിക ക്ഷേമനിധി അംഗങ്ങളെല്ലാം പ്രതി മാസം കുറഞ്ഞത് 100 രൂപ വീതം നിധിയിലേക്ക് അംശാദായം നൽകേണ്ടതാണ്. കലാസാഹിത്യ ക്ഷേമനിധി അംഗങ്ങൾ കുറഞ്ഞത് 50 രൂപയെങ്കിലും അംശാദായമായി അടയ്ക്കേണ്ടതാണ്. ഇതിൽ കൂടുതൽ അടയ്ക്കുന്നവർക്ക് പെൻഷൻ ആനുകൂല്യം ഉയർന്നതായിരിക്കും.

(4) ഇപ്രകാരം അടയ്ക്കേണ്ടതായ അംശാദായം ഇത്തരം തുക ശേഖരിക്കുന്നതിന് ബോർഡ് അംഗീകരിച്ച ഏതെങ്കിലും സഹകരണ ബാങ്കിലോ ദേശസാൽകൃത ബാങ്കുകളിലോ സർക്കാർ തീരുമാനിക്കുന്ന സ്ഥാപനങ്ങളിലോ അടയ്ക്കേണ്ടതാണ്.

(5) അംശാദായം പ്രതിമാസമോ (എല്ലാ മാസത്തിന്റെയും ആദ്യ അഞ്ചു പ്രവൃത്തി ദിനങ്ങൾക്കുള്ളിൽ) അതല്ലെങ്കിൽ വാർഷികമായോ, അർദ്ധവാർഷികമായോ അടയ്ക്കാവുന്നതാണ്.

(6) (1) ഉം (2) ഉം (3) ഉം ഉപവകുപ്പുകളിൽ പറഞ്ഞിട്ടുള്ള അംശാദായ നിരക്കുകൾ സർക്കാരിന്, പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ചെലവുകൾ കണക്കിലെടുത്ത് മൂന്ന് വർഷത്തിലൊരിക്കൽ ഗസറ്റ് വിജ്ഞാപനംമൂലം പുനർ നിർണ്ണയിക്കാവുന്നതാണ്.

## 11. പദ്ധതി ഭേദഗതി ചെയ്യൽ

(1) സർക്കാരിന് വിജ്ഞാപനം വഴി ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെട്ട പദ്ധതിയിൽ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ഏതെങ്കിലും ഭേദഗതി വരുത്തുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(2) (1)ാം ഉപ വകുപ്പ് പ്രകാരമുള്ള ഓരോ വിജ്ഞാപനവും അത് പുറപ്പെടുവിച്ചശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിന്നാല് ദിവസക്കാലത്തേയ്ക്ക് വെയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വെയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ്, നിയമസഭ, പ്രസ്തുത വിജ്ഞാപനത്തിൽ ഏതേങ്കിലും ഭേദഗതി വരുത്തുകയോ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, വിജ്ഞാപനത്തിന് അതിനു ശേഷം അതതു സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത വിധത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതി ആ വിജ്ഞാപനപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## 12. ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും നിയമനം

(1) സർക്കാരിന് ഈ ആക്റ്റ് പ്രകാരമുള്ള ബോർഡിന്റെ ചുമതലകളും കർത്തവ്യങ്ങളും നിർവഹിക്കുന്നതിന് ബോർഡിനെ സഹായിക്കുവാൻ ഒരു സെക്രട്ടറിയെയും ആവശ്യമെന്ന് കരുതാവുന്നത്ര മറ്റ് ഉദ്യോഗസ്ഥൻമാരെയും ജീവനക്കാരെയും നിയമിക്കാവുന്നതാണ്.

(2) (1)ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട സെക്രട്ടറിയുടെയും മറ്റ് ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും നിയമ രീതിയും ശമ്പളവും അലവൻസുകളും അച്ചടക്കവും മറ്റ് സേവന വ്യവസ്ഥകളും സർക്കാർ നിർണയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

(3) ബോർഡിലെ തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനം നടത്തുന്ന സംഗതിയിൽ അതത് സമയം ഭേദഗതി ചെയ്ത പ്രകാരമുള്ള 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ ഭാഗത്തിലെ 14 മുതൽ 17 വരെ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. ബോർഡ് രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുമ്പോൾ താൽക്കാലികമായി ഡെപ്യൂട്ടേഷൻ മുഖാന്തിരം നിയമനം നടത്താവുന്നതാണ്.

## 13. കടം വാങ്ങുന്നതിനുള്ള ബോർഡിന്റെ അധികാരം

ബോർഡിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടും സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള നിബന്ധനകൾക്കും വിധേയമായും പദ്ധതിയുടെ ആവശ്യങ്ങൾക്കു

വേണ്ടി, കാലാലകാലങ്ങളിൽ പണം കടം വാങ്ങാവുന്നതാണ്.

## 14. കിട്ടേണ്ട തുക തീരുമാനിക്കൽ

(1) സെക്രട്ടറിയോ ഇതിനുവേണ്ടി ബോർഡ് അധികാരപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ, ആവശ്യമായ അന്വേഷണം നടത്തിയതിനുശേഷവും ഓരോ ആളിനും പറയാനുള്ളത് പറയാൻ അവസരം നൽകിയതിനുശേഷവും, ഈ ആക്റ്റിലെയോ പദ്ധിതിയിലേയോ വ്യവസ്ഥകൾ പ്രകാരം കിട്ടേണ്ട തുക ഉത്തരവുമൂലം തിട്ടപ്പെടുത്താവുന്നതാണ്.

(2) (1) ാം ഉപവകുപ്പ് പ്രകാരം അന്വേഷണം നടത്തുന്ന ഒരു ഉദ്യോഗസ്ഥന് അപ്രകാരമുള്ള അന്വേഷണത്തിന്റെ അവശ്യങ്ങൾക്കായി, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908 ലെ 5- ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ താഴെ പറയുന്ന സംഗതികളെ സംബന്ധിച്ചുണ്ടാക്കിരിക്കുന്നതാണ്. അതായത്-

(എ) ഏതൊരാളും ഹാജരാകുന്നതിന് നിർബന്ധമാക്കുന്നതിനും, അയാളെ സത്യപ്രതിജ്ഞയിൻമേൽ വിസ്തരിക്കുന്നതിനും

(ബി) പ്രമാണങ്ങൾ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിന്.

(സി) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുന്നതിന്.

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനുവേണ്ടി കമ്മീഷനും അയയ്ക്കുന്നതിന്.

(3) ഈ വകുപ്പ് പ്രകാരമുള്ള ഏതൊരു അന്വേഷണവും ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ (1860 ലെ 45-ാം കേന്ദ്ര ആക്റ്റ്) 193 ഉം 228-ഉം വകുപ്പുകളുടെ അർത്ഥവ്യപ്തിയിൽപ്പെടുന്നതും പ്രസ്തുത നിയമത്തിലെ 196- ാം വകുപ്പിന്റെ പരിധിയിൽ വരുന്ന ഒരു ജൂഡീഷ്യൽ നടപടി ആയി കരുതപ്പെടേണ്ടതുമാണ്.

(4) 1- ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു ഉത്തരവിൻമേൽ പരാതിയുള്ള ഏതൊരാൾക്കും, ഉത്തരവ് കിട്ടിയ തീയതി മുതൽ മുപ്പത് ദിവസത്തിനകം ലേബർ കമ്മീഷണർക്കോ. ഇതിലേക്കായി അദ്ദേഹം അധികാരപ്പെടുത്തിയ തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനോ മുൻപാകെ അപ്പീൽ ബോധിപ്പിക്കാവുന്നതും അപ്രകാരമുള്ള ഉദ്യോഗസ്ഥൻ അതിൻമേൽ ആവശ്യമായ അന്വേഷണം നടത്തിയതിനുശംഷം അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന പ്രകാരമുള്ള ഉത്തരവുകൾ പാസാക്കാവുന്നതാണ്.

(5) സർക്കാരിന് സ്വമേധയായോ അല്ലെങ്കിൽ പരാതിക്കാരന്റെ അപേക്ഷയിൻമേലോ, (1)- ാം ഉപവകുപ്പ് പ്രകാരം സെക്രട്ടറിയോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ എടുത്ത ഏതെങ്കിലും നടപടികളുടെ രേഖകൾ ആവശ്യപ്പെടാവുന്നതും സർക്കാരിന് യുക്തമെന്ന് തോന്നുന്ന പ്രകാരമുള്ള അന്വേഷണം നടത്താവുന്നതും ഉത്തരവുകൾ പാസാക്കാവുന്നതാണ്.

എന്നാൽ ഈ ഉപവകുപ്പ് പ്രകാരമുള്ള റിവിഷനുവേണ്ടിയുള്ള അപേക്ഷ, അപേക്ഷകൻ ഉത്തരവ് ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം നൽകേണ്ടതാണ്.

എന്നുമാത്രമല്ല, ബാധകമായോക്കാവുന്ന ആളുകൾക്ക് പറയാനുള്ളത് പറയുവാൻ ഒരവസരം നൽതകാതെ യാതൊരു ഉത്തരവും ഈ ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

## 15. അംശാദായം താൽക്കാലികമായി തിട്ടപ്പെടുത്തലും പിരിച്ചെടുക്കലും

(1) നിധിയിലെ ഏതെങ്കിലും അംഗം അംശാദായം കൊടുക്കേണ്ട തീയതിയിലോ അതിനു മുൻപോ അത് കൊടുത്തിട്ടില്ലാത്തിടത്ത്, ബോർഡ് അധികാരപ്പെടുത്തിയിട്ടുള്ള ബോർഡിലെ ഏതെങ്കിലും ഉദ്യോഗസ്ഥൻ അയാൾക്ക് കുടിശ്ശിക തുക കാണിച്ചുകൊണ്ട് ഒരു നോട്ടീസ് അയയ്ക്കേണ്ടതും പ്രസ്തുത നോട്ടീസ് കൈപ്പറ്റി പതിനഞ്ച് ദിവസത്തിനകം തുക നൽകാത്തപക്ഷം പ്രതിവർഷം പന്ത്രണ്ട് ശതമാനം പലിശയടക്കം ആ തുക ഭൂമിയിൻമേലുള്ള കര കുടിശ്ശികയെന്നപോലെ അതേ വിധത്തിൽ വസൂലാക്കേണ്ടതുമാണ്.

(2) നിധിയിലെ ഏതെങ്കിലും അംഗം എടുത്തിട്ടുള്ള വായ്പ കൊടുക്കേണ്ട തീയതിയിലോ അതിനു മുൻപോ അത് കൊടുത്തിട്ടില്ലാത്തിടത്ത്, ബോർഡ് അധികാരപ്പെടുത്തിയിട്ടുള്ള ബോർഡിലെ ഏതെങ്കിലും ഉദ്യോഗസ്ഥൻ അയാൾക്ക് കുടിശ്ശിക തുക കാണിച്ചുകൊണ്ട് ഒരു നോട്ടീസ് അയയ്ക്കേണ്ടതും പ്രസ്തുത നോട്ടീസ് കൈപ്പറ്റി പതിനഞ്ച് ദിവസത്തിനകം തുക നൽകാത്തപക്ഷം പദ്ധതിവർഷം പന്ത്രണ്ട് ശതമാനം പലിശയടക്കം ആ തുക ഭൂമിയിൻമേലുള്ള കര കുടിശ്ശികയെന്നപോലെ അതേ വിധത്തിൽ വസൂലാക്കേണ്ടതുമാണ്.

## 16. അപ്പീൽ ഹർജി നൽകേണ്ട രീതി

ഈ ആക്റ്റിലെയോ അല്ലെങ്കിൽ പദ്ധതിയുടേയോ വ്യവസ്ഥകൾ പ്രകാരം അംഗത്തിൽ നിന്ന് കിട്ടേണ്ട ഏതെങ്കിലും തുക, ആ തുക കുടിശ്ശിക വരുത്തിയിട്ടുള്ളതാണെങ്കിൽ ആ കടത്തിൻമേൽ അപ്പീൽ ബോധിപ്പിക്കണമെന്ന് തോന്നുന്നപക്ഷം ആ തുകയുടെ പകുതി തുകയെങ്കിലും നോട്ടീസ് ലഭിച്ച് പതിനഞ്ച് ദിവസത്തിനകം അടച്ചശേഷം

പരാതി സമർപ്പിക്കാവുന്നതും അപ്രകാരമുള്ള പരാതി യിൻമേൽ സെക്രട്ടറി ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് മുഖാന്തിരം അന്വേഷണം നടത്തിയശംഷം തെളിവെടുപ്പ് നടത്തി വാദം കേട്ടശേഷവും ഒരു

മാസത്തിനകം അന്തിമ തീർപ്പ് കൽപ്പിക്കേണ്ടതാണ്. ഇതിലും പരാതി പരിഹരിക്കുന്നില്ലെങ്കിൽ ബോർഡ് ചെയർമാന് പരാതി നൽകുകയും ചെയർമാൻ അന്വേഷണം നടത്തിയശേഷം ബോർഡിന്റെ പരിഗണനയ്ക്കു വിടാവുന്നതാണ്. ഇതിൽ പരിഹാരമുണ്ടായില്ലെങ്കിൽ അത് സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ്.

## 17. ബോർഡ് ഡയറക്ടർമാർ മുതലായവർ പബ്ലിക് സെർവന്റ്സ് ആയിരിക്കണമെന്ന്

ബോർഡിന്റെ ഓരോ ഡയറക്ടറും 12-ാം വകുപ്പ് (1)-ാം ഉപ വകുപ്പ് അനുസരിച്ച് നിയമിക്കപ്പെട്ട സെക്രട്ടറിയും ബോർഡിലെ മറ്റ് ഓരോ ഉദ്യോഗസ്ഥനും ജീവനക്കാരനും 1860-ലെ ഇൻഡ്യൻ ശിക്ഷാനിയമം (1860-ലെ 45-ാം കേന്ദ്ര ആക്ട്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിയിൽ വരുന്ന ഒരു പബ്ലിക് സെർവന്റായി കണക്കാക്കപ്പെടുന്നതാണ്.

## 18. ശിക്ഷ

(1) ഈ ആക്റ്റോ പദ്ധതിയോ പ്രകാരം താൻ നൽകേണ്ടതായ ഏതെങ്കിലും തുക നൽകുന്നതിൽ നിന്ന് ഒഴിവാകുന്നതിന് വേണ്ടിയോ അഥവാ മറ്റേതെങ്കിലും ആളെ അപ്രകാരം പണം നൽകുന്നതിൽ നിന്ന് ഒഴിവാക്കുന്നതിന് സഹായി

ക്കുന്നതിന് വേണ്ടിയോ അറിഞ്ഞുകൊണ്ട് ഏതെങ്കിലും വ്യാജമായ പ്രസ്താവന നടത്തുകയോ തെറ്റായി ധരിപ്പിക്കുകയോ വ്യാജമായ നിവേദനം നടത്തുകയോ ചെയ്യുന്ന ഏതൊരാളും മൂന്നുമാസക്കാലം വരെയാകാവുന്ന തടവോ അല്ലെങ്കിൽ അഞ്ഞൂറ് രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുകയോ അഥവാ അതനുസരിച്ച് പ്രവർത്തിക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്യുന്ന ഏതൊരാളും അപ്രകാരമുള്ള ലംഘനത്തിനോ വീഴ്ചവരുത്തലിനോ ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിലോ മറ്റൊരിടത്തും മറ്റുവിധത്തിലുള്ള ശിക്ഷയ്ക്ക് വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, രണ്ട് മാസം വരെയാകാവുന്ന തടവോ അല്ലെങ്കിൽ നാന്നൂറ് രൂപവരെയാകാവുന്ന പിഴയോ, അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഏതൊരു കുറ്റവും ഒന്നാം ക്ലാസ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതിക്ക് താഴെയുള്ള യാതൊരു കോടതിയും വിചാരണ ചെയ്യുവാൻ പാടില്ലാത്തതാകുന്നു.

(4) സെക്രട്ടറിയുടെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി നൽകിയ അങ്ങനെയുള്ള കുറ്റം സംബന്ധിച്ച വസ്തുതകളുടെ രേഖാമൂലമായ ഒരു റിപ്പോർട്ടിന്മേലല്ലാതെ, ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റം ഏതൊരു കോടതിയും വിചാരണ ചെയ്യുവാൻ പാടില്ലാത്തതാകുന്നു.

## 19. രണ്ടാമതോ തുടർന്നോ ചെയ്യുന്ന കുറ്റത്തിന് വർദ്ധിച്ച ശിക്ഷ

ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റം ചെയ്തതായി കോടതി വിധിച്ചിട്ടുള്ള ഏതൊരാളും അതേ കുറ്റം വീണ്ടും ചെയ്യുന്നതായാൽ അപ്രകാരം ചെയ്യുന്ന ഓരോ കുറ്റത്തിനും ഒരു വർഷംവരെ ആകാവുന്നതും എന്നാൽ രണ്ടു മാസത്തിൽ കുറയാൻ പാടില്ലാത്തതുമായ തടവോ അഥവാ മൂവായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

എന്നാൽ, കോടതിക്ക് എന്തെങ്കിലും മതിയായ പ്രത്യേക കാരണങ്ങൾ വിധിന്യായത്തിൽ രേഖപ്പെടുത്തിക്കൊണ്ട് രണ്ട് മാസത്തിൽ കുറഞ്ഞ തടവ് ശിക്ഷ നൽകാവുന്നതാണ്.

## 20. കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ

(1) ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം കമ്പനിയാണ് ചെയ്തിട്ടുള്ളതെങ്കിൽ കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ ചാർജ് വഹിച്ചിരുന്നതും കമ്പനിയുടെ കാര്യനിർവ്വഹണത്തിൽ കമ്പനിയോട് ഉത്തരവാദിത്തമുണ്ടയിരുന്നതുമായ ഓരോ ആളും ആ കമ്പനിയും കുറ്റക്കാരായി കരുതപ്പെടുന്നതും അതനുസരിച്ച് അവർക്കെതിരായുള്ള നടപടികൾക്ക് വിധേയരായിരിക്കുന്നതും ശിക്ഷിക്കപ്പെടുന്നതുമാണ്.

എന്നാൽ ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും, കുറ്റം ചെയ്തത് തന്റെ അറിവോടുകൂടി അല്ലെന്നും അങ്ങനെയുള്ള കുറ്റം ചെയ്യുന്നത് തടയാൻ താൻ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നുവെന്നും അയാൾ തെളിയിക്കുന്നപക്ഷം, അങ്ങനെയുള്ള ആളിനെ ഏതെങ്കിലും ശിക്ഷയ്ക്ക് വിധേയനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്തിരിക്കുകയും കുറ്റം ചെയ്തത് കമ്പനിയുടെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ സമ്മതത്തോടുകൂടിയോ മൗനാനുവാദത്തോടുകൂടിയോ അഥവാ അയാളുടെ ഭാഗത്തുള്ള മന:പൂർവ്വമായ ഉപേക്ഷമൂലമാണെന്നു തെളിയിക്കപ്പെടുന്നപക്ഷം കമ്പനിയുടെ അങ്ങനെയുള്ള ഉദ്യോഗസ്ഥൻ ആ കുറ്റം ചെയ്തതായി കണക്കാക്കപ്പെടേണ്ടതും അതനുസരിച്ച് അയാൾക്കെതിരായുള്ള നടപടികൾക്ക് വിധേയനായിരിക്കുന്നതും ശിക്ഷിക്കപ്പെടുന്നതുമാണ്.

വിശദീകരണം - ഈ വകുപ്പിന്റെ ആവശ്യത്തിലേക്ക്-

(എ) കമ്പനി എന്നാൽ, ഏതെങ്കിലും ഏകാംഗയോഗം എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമോ ഒരു സഹകരണസംഘമോ അല്ലെങ്കിൽ വ്യക്തികളുടെ മറ്റ് സമാജത്തിന്റെയോ ഔദ്യോഗിക ഭാരവാഹികൾ ഉൾപ്പെടുന്നതും ആകുന്നു.

(ബി) കമ്പനി ഉദ്യോഗസ്ഥൻ എന്നാൽ, കമ്പനിയുടെ മാനേജിംഗ് ഡയറക്ടറോ, ഡയറക്ടറോ, സെക്രട്ടറിയോ, ട്രഷററോ, മാനേജരോ എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമിന്റെയോ, സഹകരണ സംഘത്തിന്റെയോ വ്യക്തികളുടെ മറ്റ് സമാജത്തിന്റെയോ ഔദ്യോഗിക ഭാരവാഹികൾ ഉൾപ്പെടുന്നതുമാകുന്നു.

(സി) ഒരു ഫേമിനെ സംബന്ധിച്ച് ഡയറക്ടർ എന്നാൽ, ആ ഫേമിലെ ഒരു പാർട്ടണർ എന്നർത്ഥമാകുന്നു.

## 21. നഷ്ടപരിഹാരം വസൂലാക്കുന്നതിനുള്ള

## അധികാരം

ഈ ആക്റ്റോ പദ്ധതിയോ പ്രകാരം നിധിയിലേക്ക് ഏതെങ്കിലും അംശദായം നൽകുന്നതിൽ ഏതെങ്കിലും ആൾ വീഴ്ച വരുത്തുന്നിടത്ത് ബോർഡിന് കുടിശ്ശിക തുകയുടെ 10 ശതമാനത്തിൽ കവിയാത്ത പലിശ ഈടാക്കാവുന്നതാണ്. വായ്പകുടിശ്ശികയ്ക്ക് 20 ശതമാനത്തിൽ കവിയാത്ത തുക പലിശയായി ഈടാക്കാവുന്നതാണ്. ഇതിൽ 5 ശതമാനം വരെ ഇളവ് അനുവദിക്കുന്നതിനുള്ള അവകാശം ബോർഡിന് ഉണ്ടായിരിക്കുന്നതാണ്. ഇരുപത്തിയഞ്ചു ശതമാനത്തിൽ കവിയാത്ത, യുക്തമെന്ന് ബോർഡ് കരുതുന്ന തുക നഷ്ടപരിഹാരമായി അയാളിൽ നിന്നും വസൂലാക്കവുന്നതാണ്.

## 22. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം

ഈ ആക്റ്റ് പ്രകാരമോ പദ്ധതി പ്രകാരമോ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ബോർഡിലെ ഏതെങ്കിലും ഡയറക്ടർക്കോ മറ്റേതെങ്കിലും ആളിനോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

## 23. സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ

(1) സർക്കാരിന് ബോർഡുമായി ആലോചിച്ചശേഷം, ബോർഡ് അനുവർത്തിക്കേണ്ട പൊതുവായ നിർദ്ദേശങ്ങൾ ബോർഡിന് നൽകാവുന്നതാണ്.

(2) ബോർഡ് ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിർവഹിക്കുകയും ചെയ്യുമ്പോൾ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടിയല്ലാതെ (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും പൊതുനിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിക്കാൻ പാടുള്ളതല്ല.

## 24. അന്വേഷണത്തിനുവേണ്ടി ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം

(1) സർക്കാരിന് ഏത് സമയത്തും ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുകയും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നതിനായി സർക്കാരിന്റെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനെ നിയമിക്കാവുന്നതാണ്.

(2) അപ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥന്, അന്വേഷണം ശരിയായ രീതിയിൽ നടത്തുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും ബോർഡ് ഏർപ്പെടുത്തിക്കൊടുക്കുകയും അദ്ദേഹം ആവശ്യപ്പെടുന്ന ബോർഡിന്റെ കൈവശമുള്ള രേഖകളും കണക്കുകളും വിവരങ്ങളും നൽകുകയും ചെയ്യേണ്ടതാണ്.

## 25. ബോർഡിനെ സൂപ്പർസീഡ് ചെയ്യാനുള്ള അധികാരം

(1) 26-ാം വകുപ്പ് പ്രകാരമുള്ള റിപ്പോർട്ടോ അല്ലെങ്കിൽ 23-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടോ പരിഗണിച്ച ശേഷമോ അഥവാ മറ്റ് വിധത്തിൽ, ബോർഡ്, ഈ ആക്റ്റിലേയോ പദ്ധതിയിലേയോ വ്യവസ്ഥകൾ പ്രകാരമോ അതിൻകീഴിലോ അതിൻമേൽ ചുമത്തപ്പെട്ടിട്ടുള്ള കർത്തവ്യങ്ങൾ നിർവഹിക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തിയിട്ടുണ്ടെന്നോ അല്ലെങ്കിൽ അതിന്റെ അധികാരങ്ങൾ അതി

ലംഘിക്കുകയോ ദുരുപയോഗപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെന്ന് സർക്കാരിന് അഭിപ്രായമുള്ളപക്ഷം, സർക്കാരിന്, ഗസ്റ്റ് വിജ്ഞാപനത്തിൽ പ്രത്യേകം പറയുന്ന പ്രകാരമുള്ള ആറ് മാസത്തിൽ കവിയാത്ത കാലയളവിലേക്ക് ബോർഡിനെ സൂപ്പർസീഡ് ചെയ്യാവുന്നതാണ്.

എന്നാൽ, ഈ ഉപവകുപ്പ് പ്രകാരമുള്ള ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുൻപ് ബോർഡിന് അതിനെ സൂപ്പർസീഡ് ചെയ്യാതിരിക്കാൻ കാരണം കാണിക്കുന്നതിന് ന്യായമായ ഒരവസരം സർക്കാർ നൽകേണ്ടതും ബോർഡിന്റെ വിശദീകരണങ്ങളും ആക്ഷേപങ്ങളും എന്തെങ്കിലും ഉണ്ടെങ്കിൽ അവ പരിഗണക്കേണ്ടതും ആണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതോടെ-

(എ) ബോർഡിലെ എല്ലാ ഡയറക്ടർമാരും, അപ്രകാരമുള്ള പ്രസിദ്ധീകരണ തീയതി മുതൽ, ഡയറക്ടർമാരെന്നനിലയിലുള്ള അവരുടെ ഔദ്യോഗിക സ്ഥാനം ഒഴിഞ്ഞതായി കരുതപ്പെടേണ്ടതും.

(ബി) ബോർഡ് വിനിയോഗിക്കുകയോ, നിർവ്വഹിക്കുകയോ ചെയ്യുമായിരുന്ന എല്ലാ അധികാരങ്ങളും കർത്തവ്യങ്ങളും സൂപ്പർസീഡ് ചെയ്യപ്പെട്ടിരിക്കുന്ന കാലയളവിൽ വിജ്ഞാപനത്തിൽ, വിനിർദേശിക്കാവുന്നപ്രകാരമുള്ള ഉദ്യോഗസ്ഥനോ, ഉദ്യോഗസ്ഥൻമാരോ വിനിയോഗിക്കുകയോ നിർവഹിക്കുകയോ ചെയ്യേണ്ടതും,

(സി) ബോർഡിൽ നിക്ഷിപ്തമായ എല്ലാ ഫണ്ടുകളും മറ്റ് വസ്തുവകകളും സൂപ്പർസീഡ് ചെയ്യപ്പെട്ടിരിക്കുന്ന കാലയളവിൽ സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്.

(3) (1)-ാം ഉപവകുപ്പ്പ്രകാരം പുറപ്പെടുവിക്കപ്പെട്ട വിജ്ഞാപന ത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള സൂപ്പർസീഡ് ചെയ്യലിന്റെ കാല യളവ് അവസാനിപ്പിക്കുമ്പോൾ, സർക്കാർ 6-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ ബോർഡ് പുന:സംഘ ടിപ്പിക്കേണ്ടതാണ്.

## 26. ബോർഡിന്റെ കണക്കുകളും ആഡിറ്റും ആഡി റ്റർമാരുടെ നിയമനവും, വേതനവും

(1) ബോർഡിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനായി സർക്കാർ ആഡിറ്റർമാരെ നിയമിക്കേണ്ടതാണ്.

(2) ബോർഡ്, പ്രസ്തുത ആഡിറ്റർമാർക്ക്, സർക്കാർ നിർദ്ദേശി ക്കാവുന്ന പ്രകാരമുള്ള വേതനം നൽകേണ്ടതാണ്.

(3) അപ്രകാരമുള്ള ആഡിറ്റർമാർ ബോർഡിന്റെ കണക്കുകൾ വർഷത്തിലൊരിക്കൽ, പരിശോധിക്കേണ്ടതും റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

## 27. വാർഷിക റിപ്പോർട്ടും കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും

(1) ബോർഡിന്റെ വാർഷിക റിപ്പോർട്ട് ബോർഡിന്റെ നിർദ്ദേശ പ്രകാരം, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തയ്യാറാക്കേ ണ്ടതും ബോർഡിന്റെ അംഗീകാരം ലഭിച്ചശേഷം റിപ്പോർട്ടിന്റെ ഒരു പകർപ്പ് കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം ഓരോ വർഷവും ജൂലായ് അവസാന ത്തിന് മുമ്പായി സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) വാർഷിക റിപ്പോർട്ട് കിട്ടിയാലുടൻതന്നെ സർക്കാർ, അത് കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം നിയ മസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

## 28. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്

ഈ ആക്റ്റ് അഥവാ പദ്ധതി പ്രകാരമോ അതിൻകീഴിലോ, സർക്കാരോ, ബോർഡോ, ലേബർ കമ്മീഷണണോ അല്ലെങ്കിൽ ലേബർ കമ്മീഷണർ അധികാരപ്പെടുത്തിയിട്ടുള്ള മറ്റ് ഏതെങ്കിലും ഉദ്യോഗസ്നോ, ചീഫ് എക്സിക്യൂട്ടീവ് ആഫീസറോ ബോർഡ് അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ തീർപ്പാക്കേണ്ടതോ, തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ നിശ്ചയിക്കേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം അഥവാ തീരുമാനിക്കേണ്ടതായ ഏതെങ്കിലും സംഗതി തീർപ്പാക്കുവാനോ തീരുമാനിക്കുവാനോ കൈകാര്യം ചെയ്യുവാനോ ഉള്ള അധികാരം യാതൊരു സിവിൽകോടതിക്കും ഉണ്ടായിരിക്കുന്നതല്ല.

## 29. നിലവിലുള്ള ക്ഷേമനിധികളിൽ നിന്നുള്ള സഞ്ചിത തുക കൈമാറുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ

ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതിയിൽ നിലവിലുള്ള ഏതെങ്കിലും ക്ഷേമനിധിയിൽ ഒരംഗത്തിന്റെ കണക്കിലുള്ള തുക, ഈ ആക്റ്റ് പ്രകാരമുണ്ടാക്കിയ നിധിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതും കണക്കിൽ വരവ് വയ്ക്കപ്പെടുന്നതും അപ്രകാരമുള്ള ക്ഷേമനിധിയിലേക്ക് അംശദായം നൽകാനുള്ള ആ അംഗത്തിന്റെ ബാദ്ധ്യത പ്രസ്തുത തീയതി മുതൽ ഇല്ലാതാകുന്നതുമാണ്.

## 30. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ

(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ ഏതെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ആ വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്ന് തങ്ങൾക്ക് തോന്നുന്നതും, ഈ ആക്റ്റിനോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കോ വിരുദ്ധമല്ലാത്തതുമായ, ഏതു കാര്യവും സന്ദർഭം ആവശ്യപ്പെടുന്നതുപോലെ, ഗസറ്റ് വിജ്ഞാപനംമൂലം ചെയ്യാവുന്നതാണ്.

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഓരോ ഉത്തരവും നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

## 31. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം

(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംമൂലം, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ വരാവുന്ന ആകെ പതിന്നാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം

ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവു മില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധ്യതയ്ക്ക് ഭംഗം വരാത്ത വിധത്തിലായി രിക്കേണ്ടതുമാണ്.

## 32. റദ്ദാക്കലും ഒഴിവാക്കലും

(1) 2009-ലെ കേരള സംസ്ഥാന സാംസ്കാരിക ക്ഷേമനിധി ഓർഡിനൻസ് ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡി നൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്ത തായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

# പട്ടിക

## പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന കാര്യങ്ങൾ

1. 2009 ലെ കേരള സംസ്ഥാന സാംസ്ക്കാരിക ക്ഷേമനിധി ആക്റ്റിന്റെ പരിധിയിൽ വരുന്ന അംഗങ്ങൾ രജിസറ്റർ ചെയ്യ ണമെന്ന്.

2. 2009 ലെ കേരള സംസ്ഥാന സാംസ്ക്കാരിക ക്ഷേമനിധി ആക്റ്റിന്റെ പരിധിയിൽ വരുന്ന അംഗങ്ങൾ നൽകേണ്ട അംശാ ദായം ഏത് സമയത്ത് ഏത് രീതിയിൽ നൽകണമെന്നും അത് ഈടാക്കേണ്ട രീതി.

3. ബോർഡിനെ സഹായിക്കുന്നതിനുവേണ്ടിയുള്ള ഏതെങ്കിലും കമ്മിറ്റിയുടെ രൂപീകരണം.

4. കണക്കുകൾ സൂക്ഷിക്കേണ്ട രീതി, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങൾക്കോ, വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾക്കോ അനുസൃതമായി നിധിയുടെ വക പണം നിക്ഷേപിക്കൽ, ബഡ്ജറ്റ് തയ്യാറാക്കൽ, കണക്കുകൾ ആഡിറ്റ് ചെയ്യൽ, സർക്കാരിലേക്ക് റിപ്പോർട്ടുകൾ സമർപ്പിക്കൽ എന്നിവ.

5. നിധിയിൽനിന്നും പണം പിൻവലിക്കുന്നതിനും അതിൽ നിന്നും തട്ടിക്കഴിക്കലോ, കണ്ടുകെട്ടുകയോ ചെയ്യാവുന്ന ഏറ്റവും കൂടിയ തുകയും.

6. ആവശ്യപ്പെടുന്ന സമയത്ത് ഒരംഗം തന്റെയും തന്റെ കുടുംബത്തെയും പറ്റിയുള്ള വിവരങ്ങൾ നൽകുന്നതിനുള്ള ഫാറം.

7. ഒരംഗം മരിക്കുമ്പോൾ കുടുംബ പെൻഷൻ സ്വീകരിക്കുവാൻ ഒരാളെ നാമനിർദ്ദേശം ചെയ്യുന്നതും അത്തരം നാമനിർദ്ദേശം റദ്ദാക്കുകയോ മാറ്റം വരുത്തുകയോ ചെയ്യുന്നതും.

8. അംഗങ്ങളെ സംബന്ധിച്ച സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും.

നിധിയിലെ ഒരംഗത്തെ തിരിച്ചറിയുന്നതിനുവേണ്ടിയുള്ള തിരിച്ചറിയൽ കാർഡിന്റെ രൂപവും അല്ലെങ്കിൽ മാതൃകയും അവ നൽകലും സൂക്ഷിക്കലും പകരം നൽകലും.

10. ആക്റ്റിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ആവശ്യങ്ങൾക്ക് ചുമത്താവുന്ന ഫീസ്.

11. ഈ ആക്റ്റ് പ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് വിനിയോഗിക്കാവുന്ന കൂടുതൽ അധികാരങ്ങൾ ഏതെങ്കിലും ഉണ്ടെങ്കിൽ അത്.

12. 2009 ലെ കേരള സംസ്ഥാന സാംസ്കാരിക ക്ഷേമനിധി ആക്റ്റിന്റെ പരിധിയിൽ വരുന്ന അംഗങ്ങളുടെയോ അവരുടെ

ആശ്രിതരുടെയോ ക്ഷേമത്തിനുവേണ്ടി ഏതെങ്കിലും കാര്യങ്ങൾക്ക് നിധി വിനിയോഗിക്കാമെന്ന്.

13. 28-ാം വകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെട്ട തുകകൾ നിധിയിലേക്ക് വരവ് വയ്ക്കേണ്ട രീതി.

14. നിധി കൈകാര്യം ചെയ്യുമ്പോൾ ഉണ്ടായേക്കാവുന്ന ചെലവുകൾ വഹിക്കുന്നതിനുള്ള നടപടിക്രമം.

15. നിധിയിൽ നിന്നും പെൻഷൻ, കുടുംബ പെൻഷൻ, ഗ്രാന്റുകൾ, വായ്പകൾ എന്നിവ നൽകുന്നതിനുള്ള നടപടിക്രമം.

16. പദ്ധതി വ്യവസ്ഥ ചെയ്യേണ്ടതോ അല്ലെങ്കിൽ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമോ ഉചിതമായതോ ആയ മറ്റേതെങ്കിലും കാര്യങ്ങൾ.

..........................................

**GOVERNMENT OF KERALA**

Law (Legislation-C) Department

NOTIFICATION

No.2615/Leg.C@/05/Law 31 st October, 2006

Dated, Thiruvananthapuram,

9th Karthika, 1928

In pursurance of clause (3) of Article 348 of the Constitution of India, the Governor is pleased to authorise the publication in the Gazette of the following translation in the English language of the Kerala Shops and Commercial Esta;blishments Workers' Welfare Fund Act, 2006 (24 of 2006).

By order of the Governor

M. JEHANGEER,
Special Secretary (Law)